# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 6 June 2023 Rs. 15/-






നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന
മാർ ആന്റണി കരിയിൽ പിതാവിന്
എറണാകുളം – അങ്കമാലി അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ!!!

# എറണാകുളം മിസ്സം

## ERNAKULAM MISSAM

English & Malayalam Monthly

Vol. No. 66 Issue No. 6 June 2023 Rs. 15/-


## വിഷയസൂചിക


4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ
5. സർക്കുലർ 2/2023
   വിശ്വാസപരിശീലനവർഷാരംഭം
10. ദൈവവിളി പ്രാർത്ഥനാദിന സന്ദേശം
18. World Day of Social Communications
25. സർക്കുലർ 1/2023
    മരിയൻ പ്രാർത്ഥനാദിനം
29. കച്ചേരിക്കാര്യം
    - അതിരൂപതാദിനം
30. Transfers/Appointments
31. വൈദികരുടെ വാർഷിക ധ്യാനം
34. വാർത്തകളും വിശേഷങ്ങളും
35. നിര്യാതരായി
36. വിശ്വാസപരിശീലന കേന്ദ്രം
40. AICO
41. ഫാമിലി അപ്പോസ്റ്റലേറ്റ്
42. നൈപുണ്യ ഇന്റർനാഷണൽ
44. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)
47. ബൈബിൾ അപ്പോസ്റ്റലേറ്റ്
50. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Thekkumthala Kochouseph, Koratty | 1879 | 1905 | 1-6-1942 |
| Msgr. Manikanamparambil George, Udayamperoor | 1924 | 1950 | 2-6-1994 |
| Fr. Vadakumchery Mathew, Manjapra | 1947 | 1973 | 4-6-1991 |
| Fr. Parakkal Cheriyan, Narakkal | 1905 | 1935 | 5-6-1989 |
| Fr. Vilangattil Joseph, Thripunithura | 1912 | 1943 | 5-6-1995 |
| Fr. Mullakery Kuruvila, Vaikom | 1899 | 1927 | 6-6-1987 |
| Fr. Vadakkumpadan Joseph, Koratty | 1928 | 1955 | 6-6-2016 |
| Fr. Perepadan Varghese, Meloor | 1886 | 1910 | 10-6-1970 |
| Fr. Kanat Jacob TOCD, Konthuruthy | 1826 | 1850 | 10-6-1885 |
| Fr. Puthenangady Cyriac, Vaikom | 1924 | 1951 | 11-6-1983 |
| Mar Sebastian Mankuzhikary, Thannirmukom | 1929 | 1955 | 11-6-1994 |
| Fr. Manavalan Kuriakose, Elavoor | 1941 | 1967 | 16-6-1973 |
| Fr. Sankoorikal Sebastian, Narakkal | 1935 | 1961 | 16-6-2021 |
| Fr. Chiramel Jose, Manjapra | 1952 | 1980 | 18-6-2019 |
| Fr. Palatty Gheevarghese, Karukutty | 1886 | 1915 | 19-6-1944 |
| Fr. Aeranat Jacob, Paloothara | 1929 | 1955 | 21-6-2013 |
| Fr. Palayoor Thomas, Chendamangalam | 1958 | 1986 | 21-6-2014 |
| Fr. Padayattil Augustine, Angamaly | 1936 | 1964 | 21-6-2017 |
| Fr. Kallarackal George, Parur South | 1928 | 1958 | 22-6-2011 |
| Fr. Chiramel Paul, Kadukutty | 1917 | 1949 | 24-6-1984 |
| Fr. Arackal Isaac, Vallakom | 1900 | 1933 | 25-6-1971 |
| Fr. Maniamkot John (Jr.), Chethikode | 1900 | 1930 | 26-6-1988 |

സർക്കുലർ: 02/2023

# വിശ്വാസപരിശീലന വർഷം 2023-2024

## 'നന്മയിൽ വളരാം'

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, പ്രിയ കുട്ടികളേ,

2023-24 വിശ്വാസപരിശീലനവർഷം ആരംഭിക്കുകയാണല്ലോ. ഓരോ ഇടവകയും തീക്ഷ്ണതയോടും അത്യുത്സാഹത്തോടുംകൂടെ കാറ്റിക്കിസത്തിനുവേണ്ടി ഒരുക്കങ്ങൾ നടത്തിയിരിക്കുന്നതായി അറിയുന്നതിൽ സന്തോഷമുണ്ട്. പോയവർഷത്തിൽ 'ഒപ്പം നടക്കാം' എന്ന ആപ്തവാക്യത്തോടെ ആഗോളസഭയോട് ചേർന്ന് സിനഡാത്മകതയെക്കുറിച്ച് ചിന്തിക്കാനും പഠിക്കാനും നമുക്ക് കഴിഞ്ഞു. ഈ വർഷം 'നന്മയിൽ വളരാം' എന്ന ലളിതവും എന്നാൽ, ദീപ്തവുമായ ആപ്തവാക്യമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. അവധിക്കാലത്ത് ഇന്റൻസീവ് ബൈബിൾ കോഴ്സിന് 'നന്മയിൽ വളരാം' എന്ന വിഷയം പഠനവിധേയമാക്കുവാൻ 'സത്വ' എന്ന പേരിൽ കുട്ടികൾക്ക് പുസ്തകങ്ങൾ നൽകി. കുട്ടികൾ IBC 'സത്വ' പ്രോഗ്രാമിൽ ആവേശത്തോടെ പങ്കെടുത്തു എന്ന് അറിയാൻ കഴിഞ്ഞു. ഈ വർഷം വിവിധ പ്രോഗ്രാമുകളിലൂടെ നന്മയിൽ വളരാനുള്ള ബോധവത്ക്കരണം പലതലങ്ങളിലും നടത്തേണ്ടിയിരിക്കുന്നു എന്ന കാര്യം ഓർമ്മപ്പെടുത്തട്ടെ.

നന്മ നമ്മളിലെ ജീവാംശം തന്നെയാണ്. എല്ലാ മനുഷ്യരിലും ജീവജാലങ്ങളിലും നന്മയുണ്ട്. നന്മയിൽ ജീവിക്കുന്നതിന്റെ തോതിനു വ്യത്യാസമുണ്ടായേക്കാം. അപരനിലെ നന്മ കാണാനും അതു പ്രോത്സാഹിപ്പിക്കാനും നമുക്കു കഴിയണം. അപരനിലെ തിന്മ തേടി പോകുകയും മറ്റുള്ളവരിലെ തിന്മയ്ക്കു കൂടുതൽ പ്രചാരം നൽകുകയും ചെയ്യാതെ ചുറ്റുപാടിലും ദർശിക്കുന്ന നന്മയുടെ വക്താക്കളാകാൻ നമുക്കു കഴിയണം. സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ നിവർത്തിക്കുവാൻവേണ്ടി മറ്റുള്ളവരിലെ നന്മപോലും തിന്മയായി അവതരിപ്പിക്കാൻ പലരും ശ്രമിക്കാറുണ്ട് എന്ന കാര്യം കൂടി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ.

സമൂഹത്തിലും വ്യക്തികളിലും തിന്മ പെരുകുന്ന വാർത്ത നമ്മെ ഭീതിപ്പെടുത്താറുണ്ട്. എന്നാൽ, ക്രൈസ്തവരെന്ന നിലയിൽ നാമോരോരുത്തരിലും വേരൂന്നിയിട്ടുള്ള നന്മകൾ എന്തൊക്കെയാണെന്നും, ഇനിയും വളർത്തിയെടുക്കേണ്ട നന്മകൾ ഏതൊക്കെയെന്നും, സഭയ്ക്കും സമൂഹത്തിനും കുടുംബത്തിനും നാം ചെയ്യേണ്ട നന്മകൾ എന്തൊക്കെയാണെന്നും കണ്ടെത്താൻ ഈ വർഷം നമുക്ക് സാധിക്കട്ടെ.

തിന്മയുടെ വർദ്ധിച്ചുവരുന്ന സ്വാധീനവലയത്തിൽനിന്നും വരുംതലമുറയെ സംരക്ഷിക്കാൻ ഇടവകസമൂഹത്തിന് ധാർമ്മികമായ ഉത്തരവാദിത്വമുണ്ട്. ഉത്തമപൗരന്മാരായി, നന്മ ചെയ്യുന്ന നല്ല സമരിയാക്കാരായി, നമ്മുടെ കുട്ടികൾ വളർന്നുവരുന്നുവെന്ന് ഉറപ്പാക്കാൻ കഴിയണം. നമ്മുടെ ചുറ്റുപാടും പെരുകുന്ന വിവിധതരത്തിലുള്ള തിന്മയുടെ സാഹചര്യങ്ങൾ ആപത്ക്കരമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തികൊടുക്കേണ്ടിയിരിക്കുന്നു. നന്മയെന്ന ഭാവേന ചില തിന്മകൾ സ്വീകാര്യമാണെന്ന ചിന്തയും നമ്മുടെ കുഞ്ഞുങ്ങളെ സ്വാധീനിക്കാറുണ്ട്. തേനിൽ പൊതിഞ്ഞ വിഷക്കനിപ്പോലെ തിന്മയെ നന്മയായി അവതരിപ്പിക്കുന്ന മായാവലയത്തിൽ അകപ്പെട്ടുപോകുന്ന കുട്ടികളുണ്ട്. സോഷ്യൽ മീഡിയയിലെ സൗഹൃദങ്ങൾ, പ്രണയബന്ധങ്ങൾ, മൊബൈൽ അഡിക്ഷൻ, അപകടകരമായ ചലഞ്ചോടുകൂടിയ ഗെയിംസ്, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയെല്ലാം ഇന്നിന്റെ അനുവദനീയമായ പ്രത്യേകതകളായും ട്രെന്റിംഗായും കുട്ടികളുടെ മുൻപിൽ വിദഗ്ദ്ധമായി അവതരിപ്പിക്കപ്പെടുന്നു. മറുവശത്ത് വിശ്വാസത്തിനനുസൃതമായ ജീവിതശൈലികളെ ഹാസ്യരൂപത്തിലും നെഗറ്റീവായും ദൃശ്യവത്ക്കരിച്ചുകൊണ്ട് കുട്ടികളിൽ ഒരുതരത്തിലുള്ള ആദ്ധ്യാത്മിക നിസംഗതയും വളർത്തപ്പെടുന്നുണ്ട്. ഇതെല്ലാം ഗൗരവമായി പരിഗണിക്കേണ്ട വിഷയങ്ങളാണ്.

പ്രിയമുള്ള മാതാപിതാക്കളെ, നമ്മുടെ കുഞ്ഞുമക്കളിലുള്ള ദൈവികമായ നന്മയെ വിലമതിക്കുക, അവരുടെ നന്മ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുക. നന്മയുടെ ജ്വാലയിൽ അവരിലെ തിന്മ ശുദ്ധീകരിക്കപ്പെടട്ടെ. മക്കളിൽ ഓരോരുത്തരിലും വളർത്തിയെടുക്കേണ്ട നന്മകളെക്കുറിച്ച് ശ്രദ്ധ പുലർത്തണം. മാതാപിതാക്കളെ, നിങ്ങൾ തന്നെയാകട്ടെ കുടുംബത്തിലെ നന്മമരം. നിങ്ങളിലെ നന്മയുടെ ഫലങ്ങൾ ആസ്വദിച്ച് കൂടുതൽ നന്മകൾ പുറപ്പെടുവിക്കാൻ നിങ്ങളുടെ മക്കൾക്കു കഴിയട്ടെ. ഈ വർഷം ഓരോ ഞായറാഴ്ചയും കുട്ടികൾ പഠിക്കേണ്ട ദൈവവചനം നൽകിയിട്ടുണ്ട്. നമ്മിലെ നന്മയെ പ്രോജ്ജ്വലിപ്പിക്കുന്ന ഈ വചനം ഉരുവിടാനും

പഠിക്കാനും കുടുംബത്തിലെ എല്ലാവരും ശ്രമിക്കുന്നത് അഭികാമ്യമാണ്.

മക്കളെ ദൈവമക്കളായി വളർത്തിക്കൊള്ളാം എന്ന നിങ്ങളുടെ പ്രതിജ്ഞാബദ്ധതയ്ക്ക് മുമ്പിൽ കടപ്പാടും ആദരവും അർപ്പിക്കുന്നു. അതിരൂപതയിലെ ബഹുഭൂരിഭാഗം മാതാപിതാക്കളും വർദ്ധിച്ച തീക്ഷ്ണതയോടെതന്നെയാണ് കുട്ടികളെ വിശ്വാസപരിശീലനകാര്യങ്ങൾക്കായി പറഞ്ഞുവിടുന്നതും പ്രോത്സാഹിപ്പിക്കുന്നതും. അതിനൊരു ഉദാഹരണമാണ് നമ്മുടെ അതിരൂപതയിൽ ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പന്ത്രണ്ട് വർഷവും ഒരു ദിവസംപോലും മുടങ്ങാതെ കാറ്റിക്കിസം ക്ലാസ്സുകളിൽ പങ്കെടുത്ത 12 കുട്ടികൾ ഉണ്ടെന്നുള്ളത്. അവർ വരുംതലമുറയ്ക്ക് മാതൃകാ നക്ഷത്രങ്ങളാണ്. അതുപോലെതന്നെ പരീക്ഷകളിൽ A+ Grade ഉം 90%-ൽ കൂടുതൽ ഹാജറും നേടിക്കൊണ്ട് അതിരൂപതാതല സ്കോളർഷിപ്പ് നേടിയ 225 കുട്ടികളും ഉണ്ട്. അവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ അതിരൂപത 'പങ്കാളിത്ത കാറ്റിക്കിസ'ത്തിനാണ് പ്രാധാന്യം നൽകുന്നത്. ഇടവകയിൽ നടക്കുന്ന കാറ്റിക്കിസം ക്ലാസ്സിൽ മുടങ്ങാതെ പങ്കെടുക്കുകയെന്നത് എങ്ങനെയും ഉയർന്ന മാർക്കു വാങ്ങുക എന്നതിനേക്കാൾ പ്രധാനപ്പെട്ടതാണ്. വിശ്വാസപരിശീലനകേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നതുപോലെ കുടുംബത്തിലെ 'വിശ്വാസപരിശീലന മണിക്കൂർ' എല്ലാ ശനിയാഴ്ചയും രാത്രി 8.00 മണി മുതൽ 9.00 മണി വരെ പ്രയോഗത്തിലാക്കുവാൻ ശ്രമിക്കുമല്ലോ. കുടുംബമാണ് പ്രഥമവിശ്വാസപരിശീലനക്കളരി. മാതാപിതാക്കളാണ് പ്രഥമവിശ്വാസപരിശീലകർ. മാതാപിതാക്കളുടെ സഹായത്തോടെ കുട്ടികൾ കാറ്റിക്കിസം പാഠങ്ങൾ ഒരുങ്ങാനും പഠിക്കാനും കുടുംബത്തിലെ 'വിശ്വാസപരിശീലന മണിക്കൂർ' സഹായിക്കുന്നു. മാതാപിതാക്കളും മക്കളും തമ്മിലുള്ള അഭേദ്യമായ ആത്മീയബന്ധത്തിനും കുടുംബം സുകൃതങ്ങളുടെ വിളനിലമാകാനും ഇത് അവസരമൊരുക്കുന്നു.

വാത്സല്യമുള്ള കുഞ്ഞുമക്കളെ, നിങ്ങളുടെ ജീവിതത്തിന് ഊർജ്ജസ്വലതയും അർത്ഥവും ആനന്ദവും നൽകുന്നത് നിങ്ങളിലെ നന്മയാണ്. 'My Goodness Dairy' എന്ന പേരിൽ ഒരു ബുക്ക് തയ്യാറാക്കുകയും അതിൽ നിങ്ങൾ ചെയ്യുന്ന നന്മ പ്രവൃത്തികൾ എഴുതിവയ്ക്കുകയും ചെയ്യുക. നിങ്ങളുടെ നല്ല ചിന്തകളാകാം, ഒരാളെ പ്രോത്സാഹിപ്പിച്ചതാകാം, മറ്റൊരാളെ സഹായിച്ചതാകാം, വൃദ്ധരായ മാതാപിതാക്കളോട് സ്നേഹത്തോടെ കുശലം പറഞ്ഞതാകാം, മാതാപിതാക്കളുടെ അടുത്തിരുന്ന് അവരെ സന്തോഷിപ്പിച്ചതാകാം, വീട്ടിൽ ചില ജോലികൾ

ചെയ്തതാകാം. അങ്ങനെ നിങ്ങൾക്ക് തോന്നുന്ന നിങ്ങളിലെ നന്മകളാണ് എഴുതിവയ്ക്കേണ്ടത്. അതുപോലെ നിങ്ങൾ മറ്റുള്ളവരിൽ കണ്ട നന്മയും കുറിച്ചുവയ്ക്കുമല്ലോ. മറ്റുള്ളവരിൽ നന്മ കാണാൻ കഴിയുന്നത് ഒരു നന്മയാണ്. അപ്രകാരം 'My Goodness Dairy' നോക്കുമ്പോൾ അഭിമാനത്തോടെയും എളിമയോടെയും 'I am good' എന്ന് പറയാൻ ഓരോരുത്തർക്കും കഴിയണം.

ആദരണീയരായ വിശ്വാസപരിശീലകരെ, നിങ്ങളുടെ മുൻപിലിരിക്കുന്ന കുഞ്ഞുമക്കളിൽ നന്മ തന്നെയായ ഈശോയെ രൂപീകരിക്കാൻ നിങ്ങൾക്കു കഴിയണം. നന്മ ചെയ്യുന്ന കൊച്ചു ഈശോമാരാകാൻ നമ്മുടെ കുട്ടികളെ സഹായിക്കുന്ന ഈ മഹനീയ വിശ്വാസപരിശീലനശുശ്രൂഷ പ്രാർത്ഥനയോടെ, തിരുസഭയോടുചേർന്നു നിർവ്വഹിക്കാൻ നിങ്ങൾക്കു കഴിയട്ടെ. നമ്മുടെ അതിരൂപതയിൽ 5500 ഓളം വരുന്ന വിശ്വാസ പരിശീലകർ നിർവ്വഹിക്കുന്ന ത്യാഗപൂർണ്ണവും നിസ്വാർത്ഥവുമായ ശുശ്രൂഷയുടെ മാഹാത്മ്യം അവർണ്ണനീയമാണ്. നിങ്ങളുടെ ഉള്ളിൽ ജ്വലിക്കുന്ന ദൈവവിശ്വാസം കുഞ്ഞുമക്കളിലേക്ക് തീക്ഷ്ണതയോടെ കൈമാറാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

വിശ്വാസപരിശീലനം എന്നാൽ സുവിശേഷത്തെ കൈമാറ്റം ചെയ്യുന്ന പ്രക്രിയയാണല്ലോ. വിശ്വാസപരിശീലനം സഭയുടെ അടിസ്ഥാന ശുശ്രൂഷയാണ്. ഈശോ ശിഷ്യന്മാരെ ഭരമേല്പിച്ച ദൗത്യമാണത്. 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ' (മത്തായി 28:19-20). ഈ ഉത്തരവാദിത്വം ശിരസ്സാവഹിച്ചുകൊണ്ട് കുഞ്ഞുങ്ങളെയും ചെറുപ്പക്കാരെയും മുതിർന്നവരെയും ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കാനുതകുന്നരീതിയിൽ ക്രമാനുഗതമായും നൈസർഗ്ഗികമായും നൽകപ്പെടുന്ന ക്രിസ്തു പഠനങ്ങളിലധിഷ്ഠിതമായ വിശ്വാസപരിശീലനശുശ്രൂഷയാണ് നാം നിർവ്വഹിച്ചു പോരുന്നത്.

യാക്കോബിന്റെ കിണർക്കരയിൽവച്ച് ഈശോയെ കണ്ടുമുട്ടിയ സമരിയാക്കാരിയുടെ വാക്കുകേട്ട് സിക്കാർ പട്ടണത്തിലെ നിവാസികൾ ഈശോയെ തേടിവരികയും വചനം ശ്രവിച്ച് ഈശോയിൽ വിശ്വസിക്കുകയും ചെയ്തു. അവർ പറഞ്ഞു: "ഞങ്ങൾതന്നെ നേരിട്ട് ശ്രവിക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോകരക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (യോഹന്നാൻ 4/42). വചനം ശ്രവി

ക്കാനും യേശുവാണ് ഏകരക്ഷകൻ എന്ന ഉറച്ചബോധ്യം സ്വന്തമാക്കാനും അവസരമൊരുക്കുകയെന്നതാണ് വിശ്വാസപരിശീലനക്ലാസ്സുകളുടെ ലക്ഷ്യം. പന്ത്രണ്ടു വർഷത്തെ പരിശീലനത്തിലൂടെ കടന്നുപോകുമ്പോൾ ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടാനും ഈശോയാണ് ലോകരക്ഷകൻ എന്ന് അനുഭവപരമായി തിരിച്ചറിയാനും നമ്മുടെ കുട്ടികൾക്ക് കഴിയണം.

കുട്ടികൾ നന്മയിൽവളരാനും അവരിൽ നന്മ വളർത്താനും ഇടവക സമൂഹം പ്രതിജ്ഞാബദ്ധമാകണം. ഈ ശുശ്രൂഷയും കടമയും അതിരൂപതയിൽ സ്തുത്യർഹമായവിധത്തിൽ പ്രാവർത്തികമാക്കുന്നതിന് അക്ഷീണം പരിശ്രമിക്കുന്ന എല്ലാ സഹോദരവൈദികരെയും സമർപ്പിതരെയും വിശ്വാസപരിശീലകരെയും മാതാപിതാക്കളെയും പ്രത്യേകം അനുമോദിക്കുന്നു. ഈ വർഷം നമ്മളിലെ നന്മയെ കണ്ടെത്തി വളർത്തിയെടുക്കാം. മറ്റുള്ളവരിലെ നന്മകൾ കാണാനും പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയട്ടെ. തിന്മയ്ക്കെതിരെ പോരാടാൻ കർമ്മോത്സുകരാകാം.

തീരുമാനങ്ങൾ എടുക്കേണ്ടിവരുമ്പോൾ നല്ലതേത് എന്ന് തിരിച്ചറിയാനാകാതെ വിഷമിക്കുന്നവരെ കണ്ടിട്ടുണ്ട്. ഇതാണ് നല്ലതെന്ന് "പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി" (അപ്പസ്തോല പ്രവർത്തനങ്ങൾ 15/28) എന്നു പറഞ്ഞ ശ്ലീഹന്മാരുടേതുപോലുള്ള ഒരു വ്യക്തത നമുക്കുണ്ടാകണം. അതിന് വചനം പാലിക്കുകയും ഈശോയോടും ഈശോയുടെ സഭയോടും ചേർന്നുനിൽക്കുകയുമാണ് വേണ്ടത്. ദൈവവചനത്തിൽ ആഴപ്പെട്ട്, വിശുദ്ധ കൂദാശകളാൽ പരിപുഷ്ടി പ്രാപിച്ച്, നന്മ നിറഞ്ഞ ജീവിതത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത
27/05/2023

............................................

N.B.: 2023 ജൂൺ 4-ാം തീയതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.

## ദൈവവിളി പ്രാർഥനാദിനത്തിനുവേണ്ടിയുള്ള ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

# ദൈവവിളി: കൃപയും ദൗത്യവും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, പ്രിയപ്പെട്ട യുവതീയുവാക്കന്മാരേ,

1964-ൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സമ്മേളനമധ്യേ വിശുദ്ധ പോൾ ആറാമൻ പാപ്പാ ദൈവവിളിക്കായുള്ള പ്രാർഥനാദിനം സ്ഥാപിച്ചശേഷം ഇപ്പോൾ അറുപതാമത്തെ തവണയാണ് നാം ഇത് ആഘോഷിക്കുന്നത്. ഇന്നത്തെ ലോകത്തിൽ ക്ലേശങ്ങളുടെയും പ്രത്യാശകളുടെയും, വെല്ലുവിളികളുടെയും നേട്ടങ്ങളുടെയും മധ്യേ, ദൈവജനത്തിലെ അംഗങ്ങളായ നാം വ്യക്തികളും സമൂഹങ്ങളും എന്ന നിലയിൽ, നമ്മെ ഓരോരുത്തരെയും കർത്താവ് ഭരമേല്പിക്കുന്ന വിളിയോടും ദൗത്യത്തോടും പ്രതികരിക്കുന്നതിൽ, നമ്മെ സഹായിക്കുന്നതിനു ദൈവപരിപാലനയുടെ ഭാഗമായിത്തന്നെ ഉരുത്തിരിഞ്ഞതായിരുന്നു ആ പുതിയ സംരംഭം.

ഈ വർഷം നിങ്ങളുടെ വിചിന്തനത്തിനും പ്രാർഥനയ്ക്കുമായുള്ള മാർഗദർശകവിഷയമായി ഞാൻ നിങ്ങൾക്കു നല്കുന്നത്, “ദൈവവിളി കൃപയും ദൗത്യവും” എന്നതാണ്. ദൈവത്തിന്റെ വിളിയെന്നത് കൃപയാണെന്ന്, സമ്പൂർണദാനമാണെന്ന്, ആശ്ചര്യപൂർവം ഓർക്കാനുള്ള ഒരു അമൂല്യ അവസരമാണ് ഈ ദിനം; അതോടൊപ്പം സുവിശേഷം അന്യരിലേക്ക് എത്തിക്കാനുള്ള നമ്മുടെ സമർപ്പണത്തിന്റെ അവസരം കൂടിയാണിത്. സാക്ഷ്യംനല്കുന്ന ഒരു വിശ്വാസത്തിലേക്കാണ് നാം വിളിക്കപ്പെടുന്നത്; കൂദാശകളിലും സഭാത്മക കൂട്ടായ്മയിലും നാം അനുഭവിക്കുന്ന കൃപയുടെ ജീവിതത്തെ ലോകത്തിലുള്ള നമ്മുടെ പ്രവർത്തനവുമായി അത് നമ്മെ ഏറെ ബന്ധിപ്പിക്കുന്നു. പ്രേഷിതത്വം ദൈവത്തിന്റെതന്നെ പ്രവൃത്തിയാണെന്നുള്ള നിരന്തര ബോധ്യമുള്ള ക്രിസ്ത്യാനികൾ ആത്മാവിനാൽ നയിക്കപ്പെട്ട് അസ്ഥിത്വത്തിന്റെ പ്രാന്തപ്രദേശങ്ങളെകുറിച്ചും മാനവികതയുടെ ക്ഷോഭജനകമായ സാഹച

ര്യങ്ങളെക്കുറിച്ചും പ്രതികരിക്കാനായി വെല്ലുവിളിക്കപ്പെടുന്നു; അത് നാം ഒറ്റയ്ക്ക് നടപ്പിൽവരുത്തുന്ന ഒന്നല്ല; അത് നാം നമ്മുടെ സഹോദരീസഹോദരന്മാരോടൊത്ത് എപ്പോഴും സഭാത്മക കൂട്ടായ്മയിൽ, സഭയുടെ അജപാലകരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്. എന്തെന്നാൽ, അത് ദൈവത്തിന്റെ നിരന്തര സ്വപ്നമായിരുന്നു, അതായത്, നാം അവിടത്തോടുകൂടെ സ്നേഹകൂട്ടായ്മയിൽ ജീവിക്കണമെന്നത്.

## "ലോകസ്ഥാപനത്തിനുമുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടവർ"

അപ്പോസ്തലനായ പൗലോസ് നമ്മുടെ മുമ്പിൽ അസാധാരണമായ ഒരു ചക്രവാളം തുറന്നുവയ്ക്കുന്നു: പിതാവായ ദൈവം, ക്രിസ്തുവിൽ, "തന്റെ മുമ്പാകെ സ്നേഹത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ നമ്മെ തിരഞ്ഞെടുത്തു. അവിടത്തെ തിരുമനസ്സിന്റെ പ്രീതിയനുസരിച്ച്, യേശുക്രിസ്തുവഴി തനിക്കുവേണ്ടി നമ്മെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടന്നു മുൻകൂട്ടി നിശ്ചയിച്ചു" (എഫേ 1, 4-5). ജീവിതത്തെ അതിന്റെ പൂർണ അർഥത്തിൽ നോക്കിക്കാണാൻ ഈ വാക്കുകൾ നമ്മെ സഹായിക്കുന്നു: ദൈവം നമ്മെ "ഗർഭംധരിച്ചത്" തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്; അവിടന്നു നമ്മെ അവിടത്തെ പുത്രീപുത്രന്മാരാക്കാൻ ആഗ്രഹിക്കുന്നു. സ്നേഹത്താലും സ്നേഹത്തിലും സ്നേഹത്തോടൊപ്പവുമാണ് നാം സൃഷ്ടിക്കപ്പെട്ടത്; സ്നേഹത്തിനുവേണ്ടിയാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

നമ്മുടെ ജീവിതത്തിന്റെ പന്ഥാവിൽ നമ്മുടെ അസ്തിത്വത്തിന്റെ ഇഴകളുടെ ഭാഗമായിരിക്കുകയും നമ്മുടെ സന്തോഷത്തിന്റെ രഹസ്യമായിരിക്കുകയും ചെയ്യുന്ന ഈ വിളി, നിരന്തരം പുതിയ വഴികളിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ നമ്മുടെ മുമ്പിലേക്കു വരുന്നു. അത് നമ്മുടെ മനസ്സുകളെ പ്രശോഭിപ്പിക്കുന്നു; നമ്മുടെ ഇച്ഛാശക്തിയെ ബലപ്പെടുത്തുന്നു; നമ്മെ അത്ഭുതപാരവശ്യംകൊണ്ടു നിറയ്ക്കുന്നു; അത് നമ്മുടെ ഹൃദയങ്ങളെ അഗ്നികൊണ്ട് ജ്വലിപ്പിക്കുന്നു. ചില സമയങ്ങളിൽ, തീർത്തും അപ്രതീക്ഷിതമായ വിധത്തിൽ ആത്മാവ് നമ്മിലേക്കു വരുന്നു. 1953 സെപ്തംബർ മാസം 21-ാംതിയതി എനിക്ക് അപ്രകാരമായിരുന്നു സംഭവിച്ചത്. അന്ന് ഞാൻ ഞങ്ങ

ളുടെ വിദ്യാലയത്തിന്റെ ഒരു വാർഷികാഘോഷത്തിനു പോകുംവഴി ഒരു ദേവാലയത്തിന്റെ മുമ്പിലെത്തുകയും അവിടെ കുമ്പസാരകൂദാശയ്ക്കു അണയാൻ ഇടയാകുകയും ചെയ്തു. ആ ദിവസം എന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തുകയും എന്റെമേൽ അന്ന് ഒരു മുദ്ര ചാർത്തപ്പെടുകയും ചെയ്തു. അത് ഇന്നുവരെ നിലനില്ക്കുന്നു. സ്വയദാനത്തിനായുള്ള ദൈവത്തിന്റെ വിളി സാവധാനമാണ് വെളിച്ചത്തുവരുന്നത്: ദാരിദ്ര്യവുമായി നാം കണ്ടുമുട്ടുന്ന വേളകളിൽ, പ്രാർഥനയുടെ നിമിഷങ്ങളിൽ, സുവിശേഷത്തിന്റെ വ്യക്തമായ ഒരു സാക്ഷ്യം നാം കാണുമ്പോൾ, അല്ലെങ്കിൽ നമ്മുടെ മനസ്സിനെ സ്പർശിക്കുന്ന ഏതെങ്കിലും കാര്യം വായിക്കുമ്പോൾ. നമ്മൾ ദൈവവചനം കേൾക്കുകയും അത് നമ്മോട് നേരിട്ട് സംസാരിച്ചതായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുമ്പോൾ, ഒരു സഹസഹോദരനോ സഹോദരിയോ നല്കുന്ന ഉപദേശം കേൾക്കുമ്പോൾ, രോഗത്തിന്റെയും ദുഃഖത്തിന്റെയും നിമിഷങ്ങൾ ഉണ്ടാകുമ്പോൾ – ഈ വഴികളിലൂടെയെല്ലാം ദൈവം നമ്മെ വിളിക്കുന്നു; ദൈവം അനന്തമായ സർഗാത്മകതയാണ് ഇവിടെയെല്ലാം പുലർത്തുന്നത്.

ദൈവത്തിന്റെ ഈ സംരംഭവും അവിടത്തെ കരുണാർദ്രമായ സമ്മാനവും നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രത്യുത്തരം ആവശ്യപ്പെടുന്നു. ദൈവവിളിയെന്നത് "ദൈവികമായ ഒരു തെരഞ്ഞെടുപ്പും മനുഷ്യസ്വാതന്ത്ര്യവും തമ്മിലുള്ള ഒരു പരസ്പര പ്രവർത്തനമാണ്"; അത് ദൈവവും മനുഷ്യഹൃദയവും തമ്മിലുള്ള ചലനാത്മകവും ആവേശജനകവുമായ ഒരു ബന്ധമാണ്. നമ്മുടെ അസ്തിത്വമാകുന്ന ഭൂമിയിൽ പൊട്ടിമുളയ്ക്കുന്ന ഒരു ദൈവികവിത്താണ് ദൈവവിളി എന്ന ദാനം. അത് നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറന്നുവയ്ക്കാൻ ഇടവരുത്തുന്നു; അങ്ങനെ നാംതന്നെ കണ്ടെത്തിയ നിധി അവരോടൊപ്പം പങ്കുവയ്ക്കാൻ നമുക്കു സാധിക്കും. ഇതാണ് ദൈവവിളി എന്നതിനെക്കുറിച്ച് നമുക്കു പറയാവുന്ന അടിസ്ഥാന ഘടന: ദൈവം തന്റെ സ്നേഹത്തിൽ നമ്മെ വിളിക്കുന്നു; നാമാകട്ടെ കൃതജ്ഞതാപൂർവം സ്നേഹത്തിൽ പ്രത്യുത്തരിക്കുന്നു. നാം നമ്മെത്തന്നെ ഏകപിതാവിന്റെ വത്സലപുത്രീപുത്രന്മാരാണെന്നു മനസ്സിലാക്കുന്നു; നാം പരസ്പരം സഹോദരീസഹോദരന്മാരാണെന്നും ഗ്രഹിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യാ ഇക്കാര്യം "കണ്ടപ്പോൾ" വ്യക്തമായി ഉദ്ഘോഷിച്ചു; "ഇതാ അവസാനം ഞാൻ എന്റെ വിളി കണ്ടെത്തിയിരിക്കുന്നു: എന്റെ വിളി സ്നേഹമാണ്. ഇതാ, ഞാൻ യഥാർഥത്തിൽ സഭയിൽ എന്റെ ശരിയായ സ്ഥാനം കണ്ടെത്തിയിരിക്കുന്നു...എന്റെ മാതാവായ സഭയുടെ ഹൃദയത്തിൽ ഞാൻ സ്നേഹമായിരിക്കും."

## "ഈ ഭൂമിയിൽ ഞാൻതന്നെ ഒരു ദൗത്യമാണ്"

ദൈവത്തിന്റെ വിളി ഒരു "പറഞ്ഞയയ്ക്കൽ" ഉൾപ്പെട്ടതാണെന്നു നമ്മൾ പറഞ്ഞു. ദൗത്യമില്ലാത്ത ഒരു വിളി ഇല്ല. നമ്മൾ കണ്ടെത്തിയ പുതുജീവൻ മറ്റുള്ളവർക്ക് പകർന്നുകൊടുത്തില്ലെങ്കിൽ സന്തോഷവും പൂർണമായ ആത്മസാക്ഷാത്കാരവും ഉണ്ടാകില്ല. ദൈവത്തിന്റെ വിളി എന്നത് നമ്മെ നിശ്ശബ്ദരായിരിക്കാൻ അനുവദിക്കാത്ത ഒരനുഭവമാണ് നല്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി 9,16). യോഹന്നാന്റെ ഒന്നാം ലേഖനം ഇപ്രകാരമാണ് ആരംഭിക്കുന്നത്, "ഞങ്ങൾ കേട്ടതും കണ്ടതും, വീക്ഷിച്ചതും സ്പർശിച്ചതുമായ മാംസം ധരിച്ച വചനത്തെ ഞങ്ങളുടെ സന്തോഷം പൂർണമാക്കുന്നതിനായി ഞങ്ങൾ നിങ്ങളോട് പ്രഘോഷിക്കുന്നു" (1, 1-4 കാണുക).

അഞ്ചുവർഷംമുമ്പ് "*ആനന്ദിച്ച് ആഹ്ലാദിക്കുവിൻ*" എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരോടുമായി ഞാൻ എഴുതി, "നിങ്ങളുടെ ജീവിതത്തെ മുഴുവനുമായി ഒരു ദൗത്യമായി കാണേണ്ടതുണ്ട്" (ഖ. 23). അതേ, നാം ഓരോരുത്തരും ഇപ്രകാരം പറയുവാൻ പ്രാപ്തരാണ്, "ഞാൻ തന്നെയും ഈ ഭൂമിയിൽ ഒരു ദൗത്യമാണ്; അക്കാരണത്താലാണ് ഞാൻ ഈ ഭൂമിയിൽ ആയിരിക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം*, ഖ. 273).

ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം എവിടെ ആയിരിക്കുന്നുവോ അവിടെ ഒത്തൊരുമിച്ച് സന്തോഷപൂർവകമായ സാക്ഷ്യം നല്കുക എന്നതാണ് നമ്മുടെ ദൗത്യം. യേശുവിനോടും ഇതര സഭാംഗങ്ങളോടും ചേർന്നുനിന്നുകൊണ്ട് ഒരു സഭയെന്ന നിലയിൽ നമ്മുടെ അനുഭവം വാക്കിലും പ്രവൃത്തിയിലും പങ്കുവയ്ക്കുന്നതാണ് ഈ ദൗത്യം. ഇത്

സാക്ഷാത്കരിക്കപ്പെടുന്നത് ഭൗതികവും ആത്മീയവുമായ കാരുണ്യ പ്രവൃത്തികളിലാണ്; അതായത്, അന്യരെ സ്വാഗതം ചെയ്യുന്ന, സൗമ്യമായ ജീവിതശൈലി വഴിയായി. അത് പലതിനെയും പലരെയും പാഴ്വസ്തുവായി ഉപേക്ഷിക്കുന്നതിന്റെയും നിസ്സംഗതയുടെയും സംസ്കാരത്തിനുപകരം സാമിപ്യവും അനുകമ്പയും ആർദ്രതയും പ്രതിഫലിപ്പിക്കുന്നു. നല്ല സമറിയാക്കാരനെപ്പോലെ ഒരു അയൽക്കാരനായി ത്തീർന്നുകൊണ്ട് (ലൂക്കാ 10, 25-37 കാണുക) ക്രിസ്തീയ ദൈവവിളി യുടെ മർമ്മം നാം മനസ്സിലാക്കുന്നു: ശുശ്രൂഷിക്കപ്പെടുന്നതിലുപരി ശുശ്രൂഷിക്കാനായി വന്ന യേശുക്രിസ്തുവിനെ അനുകരിക്കുക എന്നത് (മർക്കോ 10, 45 കാണുക).

ഇവ്വിധമുള്ള പ്രേഷിതപ്രവർത്തനം നമ്മുടെ കഴിവുകളിൽനിന്നോ, പദ്ധതികളിൽനിന്നോ ആലോചനകളിൽനിന്നോ ആവിർഭവിക്കുന്ന ഒന്നല്ല; സൽകൃത്യങ്ങൾ പരിശീലിപ്പിക്കുക എന്ന നമ്മുടെ കേവലം ഇച്ഛാശക്തിയിൽ നിന്നുമല്ല അതു വരുന്നത്; അത് യേശുവുമായി സഹവസിക്കുന്നതിന്റെ അഗാധമായ അനുഭവത്തിന്റെ അനന്തരഫലമാണ്. അപ്പോൾ മാത്രമാണ്, നമുക്കു ഒരു വ്യക്തിക്കുവേണ്ടി, ഒരു ജീവിതത്തിനുവേണ്ടി സാക്ഷ്യം നല്കാനാകൂ; അങ്ങനെ നാം "അപ്പോസ്തലന്മാരാകും." അപ്പോഴാണ്, "പ്രകാശം പരത്തുന്ന, ആശീർവദിക്കുന്ന, ഉജ്ജീവിപ്പിക്കുന്ന, ഉയിർപ്പിക്കുന്ന, സുഖപ്പെടുത്തുന്ന, സ്വതന്ത്രമാക്കുന്ന ഈ ദൗത്യംവഴിയായി മുദ്രിതരാക്കപ്പെട്ടവരും അടയാളപ്പെടുത്തപ്പെട്ടവരുമായി നാം നമ്മെത്തന്നെ മനസ്സിലാക്കുന്നത്" (*സുവിശേഷത്തിന്റെ സന്തോഷം* ഖ. 273).

എമ്മാവുസിലേക്കു യാത്ര ചെയ്ത രണ്ടു ശിഷ്യരുടെ അനുഭവമാണ് ഇതിന്റെ സുവിശേഷ ചിത്രം. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയ ശേഷം അവർ പരസ്പരം പറഞ്ഞു: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും വിശുദ്ധലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നില്ലേ?" (ലൂക്കാ 24, 32). "ഹൃദയം അഗ്നിയാൽ ജ്വലിക്കുക", "പാദങ്ങൾ നീങ്ങിക്കൊണ്ടിരിക്കുക" എന്നൊക്കെ പറയുന്നതിന്റെ അർഥമെന്താണെന്ന് ആ ശിഷ്യരിൽനിന്നു നമുക്കു മനസ്സിലാക്കാനാകും. ലിസ്ബനിൽ നട

ക്കാനിരിക്കുന്ന ലോകയുവജനദിനത്തെ ഉന്നംവച്ചുള്ള എന്റെ തീക്ഷ്ണമായ പ്രത്യാശ ഇതാണ്. ഞാൻ സന്തോഷപൂർവം ഈ ആപ്തവാക്യവുമായി അതിനായി കാത്തിരിക്കുന്നു: "മറിയം എഴുന്നേറ്റ് തിടുക്കത്തിൽ പോയി" (ലൂക്കാ 1,39). ഹൃദയം അഗ്നിയാൽ ജ്വലിച്ച് എഴുന്നേറ്റ് തിടുക്കത്തിൽ പോകാൻ എല്ലാ സ്ത്രീപുരുഷന്മാരും ക്ഷണിക്കപ്പെട്ടതായി അനുഭവപ്പെടട്ടെ എന്നതാണെന്റെ ആശംസ.

## ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവർ

പന്ത്രണ്ട് ശിഷ്യന്മാരെ ഓരോരുത്തരെയും യേശു തന്റെ പക്കലേക്ക് പേര് ചൊല്ലി വിളിച്ച നിമിഷത്തെ സുവിശേഷകനായ മർക്കോസ് വിവരിക്കുന്നു. തന്നോടുകൂടെ ആയിരിക്കാനും സന്ദേശം അറിയിക്കാനും രോഗങ്ങൾ സുഖപ്പെടുത്താനും പിശാചുക്കളെ ബഹിഷ്കരിക്കാനും വേണ്ടി അവിടന്ന് അവരെ നിയോഗിച്ചു (മർക്കോ 3,13 കാണുക). അങ്ങനെ കർത്താവ് തന്റെ പുതിയ സമൂഹത്തിന്റെ അടിസ്ഥാനങ്ങളിട്ടു. ആ പന്ത്രണ്ടുപേർ വ്യത്യസ്ത സാമൂഹ്യഗണത്തിലും തൊഴിലിലും പെട്ടവരായിരുന്നു; അതിൽ ഒരാൾപോലും സ്വാധീനശക്തിയുള്ളവനായിരുന്നില്ല. സുവിശേഷങ്ങൾ മറ്റൊരുതരം വിളികളെകുറിച്ചും പറയുന്നു, അതായത്, 72 ശിഷ്യരുടെ വിളി; അവരെ യേശു ഈരണ്ടുപേരെ വച്ച് പറഞ്ഞയച്ചു (ലൂക്കാ 10,1 കാണുക).

സഭ ഒരു *എക്ലേസിയാ* ആണ്. ഒരുമിച്ച് വിളിക്കപ്പെട്ട് യോഗം ചേർക്കപ്പെട്ടവരുടെ ഗണം എന്നാണ് ഈ ഗ്രീക്ക് പദത്തിന്റെ അർഥം. ദൈവരാജ്യത്തിന്റെ വരവിനായി തങ്ങളുടെ ഇടയിൽ പരസ്പരം സ്നേഹം പങ്കുവയ്ക്കാനും ആ സ്നേഹം മറ്റുള്ളവരിലേക്കു പ്രസരിപ്പിക്കാനും (യോഹ 13,34; 15,12) അങ്ങനെ യേശുക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ ഒരു സമൂഹം സൃഷ്ടിക്കാനുമായിരുന്നു അത്.

സഭയ്ക്കുള്ളിൽ നമ്മൾ എല്ലാവരും ഭൃത്യരാണ്; അത് നമുക്കു ലഭിച്ചിട്ടുള്ള വ്യത്യസ്തങ്ങളായ ദൈവവിളികളുടെയും സിദ്ധികളുടെയും (charisms) ശുശ്രൂഷകളുടെയും അടിസ്ഥാനത്തിലാണ്. സ്നേഹത്തിൽ നമ്മെത്തന്നെ സമർപ്പിക്കുക എന്ന നമ്മുടെ പൊതുവായ വിളി വികാസം പ്രാപിക്കുന്നതും മൂർത്തമായ ഭാവം സ്വീകരിക്കുന്നതും അത്മായരായ

സ്ത്രീപുരുഷന്മാരിൽ നാം കണ്ടെത്തുന്നു. അവർ കുടുംബത്തെ ഒരു ചെറിയ *ഗാർഹിക സഭ* എന്നപോലെ വളർത്തിയെടുക്കുകയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെ നവീകരിക്കാനായി സുവിശേഷത്തിന്റെ പുളിമാവായി പ്രവർത്തിക്കുകയും ചെയ്യുന്നു; ദൈവരാജ്യത്തിന്റെ പ്രവചനാത്മക സൂചന എന്നവിധം തങ്ങളുടെ സഹോദരീസഹോദരന്മാർക്കുവേണ്ടി ദൈവത്തിനു തങ്ങളെത്തന്നെ സമ്പൂർണമായി അർപ്പിച്ചിരിക്കുന്ന സമർപ്പിത സ്ത്രീപുരുഷന്മാരുടെ സാക്ഷ്യത്തിലും അതടങ്ങിയിരിക്കുന്നു; അഭിഷിക്തരായ ശുശ്രൂഷകർ – ഡീക്കന്മാർ പുരോഹിതർ, മെത്രാന്മാർ – വചനപ്രഘോഷണത്തിലൂടെയും പ്രാർഥനയിലൂടെയും ദൈവത്തിന്റെ പരിശുദ്ധ ജനത്തിന്റെ കൂട്ടായ്മ വളർത്താൻ നടത്തുന്ന ശ്രമത്തിലും ഈ സാക്ഷ്യമുണ്ട്. മറ്റുള്ള എല്ലാവരുമായുള്ള ബന്ധത്തിൽ മാത്രമേ, സഭയിലെ ഏതൊരു പ്രത്യേക ദൈവവിളിയും അതിന്റെ യഥാർഥ സ്വഭാവവും സമ്പന്നതയും പ്രകടമാക്കുകയുള്ളൂ. ഈ വെളിച്ചത്തിൽ നോക്കുമ്പോൾ സഭ ഒരു ദൈവവിളികളുടെ "സ്വരലയം" (symphony) ആണ്. അതായത്, ഓരോ ദൈവവിളിയും വ്യത്യസ്തവും അതേസമയം സംയോജിച്ചതും, അങ്ങനെ ഐക്യത്തിലായിരുന്നുകൊണ്ട് ഒരുമിച്ച് ചേർക്കപ്പെട്ട് ദൈവരാജ്യത്തിന്റെ നവജീവൻ പ്രതിഫലിപ്പിക്കാൻ ലോകം മുഴുവനിലേക്കും ഇറങ്ങിപ്പുറപ്പെടുന്നതുമാണ്.

## കൃപയും ദൗത്യവും: ഒരു സിദ്ധിയും സാധനയും

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ദൈവവിളി ഒരു സിദ്ധിയും സാധനയുമാണ്. പുതുജീവന്റെയും യഥാർഥ സന്തോഷത്തിന്റെയും ഉറവിടം ഈ ദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രാർഥനയുടെയും പ്രവർത്തനത്തിന്റെയും സംരംഭങ്ങൾ നമ്മുടെ കുടുംബങ്ങളിലും, ഇടവക സമൂഹങ്ങളിലും സമർപ്പിത ജീവിത സമൂഹങ്ങളിലും, സഭാപരമായ സംഘടനകളിലും പ്രസ്ഥാനങ്ങളിലും ദൈവവിളിയെകുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തട്ടെ. ഉത്ഥിതനായ കർത്താവിന്റെ ചൈതന്യം നമ്മുടെ നിർവികാരത നശിപ്പിക്കുകയും നമ്മുടെ സഹാനുഭൂതിയും തന്മയീഭാവവും ബലപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ, സ്നേഹംതന്നെയായ ദൈവത്തിന്റെ (1 യോഹ 4, 16 കാണുക) മക്കളായി ഓരോ ദിവസവും പുനർജനിച്ചു ജീവിക്കാൻ നമ്മെ അവിടന്നു പ്രാപ്തരാക്കുന്നു; ആ സ്നേഹം മറ്റുള്ളവരുമായി പങ്കുവയ്ക്കാനും

അവിടന്നു നമ്മെ കഴിവുറ്റവരാക്കുന്നു. അത് എല്ലായിടത്തും, ഏറെ പ്രത്യേകിച്ച് പുറന്തള്ളപ്പെടലും ചൂഷണവും, ദാരിദ്ര്യവും മരണവും ഉള്ളിടത്ത്, ജീവൻ പ്രസരിപ്പിക്കാൻ വേണ്ടിയാണ്; അതുവഴിയായി സ്നേഹത്തിന്റെ വിസ്തീർണം വർധിപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ ഭരണം വർധമാനമാംവിധം ഈ ലോകത്ത് അനുഭവപ്പെടാനുമാണ്.

വിശുദ്ധ പോൾ ആറാമൻ 1964 ഏപ്രിൽ 11-ാംതീയതി ആദ്യത്തെ ലോക ദൈവവിളി ദിനത്തിനുവേണ്ടി രചിച്ച ഈ പ്രാർഥന നമ്മുടെ തീർഥാടനത്തിൽ നമ്മെ അനുയാത്ര ചെയ്യട്ടെ:

"ആത്മാക്കളുടെ ദിവ്യഇടയനായ യേശുവേ, നീ അപ്പോസ്തലന്മാരെ വിളിക്കുകയും അവരെ മനുഷ്യരെപ്പിടിക്കുന്നവരാക്കുകയും ചെയ്തുവല്ലോ! നിന്റെ അനുയായികളും നിന്റെ ശുശ്രൂഷകരുമാകാൻ യുവതീയുവാക്കന്മാരുടെ ഇടയിൽനിന്ന് തീക്ഷ്ണമതികളും ഉദാരമനസ്കരുമായ ആത്മാക്കളെ തുടർന്നും നിന്നിലേക്കു വിളിക്കണമേ. എല്ലാവരുടെയും രക്ഷയ്ക്കായുള്ള നിന്റെ ദാഹത്തിൽ പങ്കുചേരാൻ അവരെ അനുവദിക്കണമേ. അവരുടെ മുമ്പിൽ ലോകം മുഴുവന്റെയും ചക്രവാളങ്ങൾ തുറന്നുവയ്ക്കണമേ. നിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട്, ഈ ഭൂമിയിലുള്ള നിന്റെ ദൗത്യം അവർ വിപുലമാകട്ടെ. അങ്ങനെ അവർ നിന്റെ മൗതികശരീരമാകുന്ന സഭയെ പണിതുയർത്തുകയും, 'ഭൂമിയുടെ ഉപ്പും' 'ലോകത്തിന്റെ പ്രകാശവും' (മത്താ 5,13) ആയി ഭവിക്കുകയും ചെയ്യുമാറാകട്ടെ."

കന്യകമറിയം നിങ്ങളെ കടാക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ. നിങ്ങൾക്ക് എല്ലാവർക്കും എന്റെ ആശീർവാദം!

പെസഹാക്കാലത്തിലെ നാലാം ഞായറാഴ്ചയായ 2023 ഏപ്രിൽ 30-ാം തീയതി റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് നല്കപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

# MESSAGE OF HIS HOLINESS POPE FRANCIS FOR THE 57th WORLD DAY OF SOCIAL COMMUNICATIONS

## Speaking with the heart
## "The truth in love" (Eph 4:15)

**Dear Brothers and Sisters,**

After having reflected in past years on the verbs "to go and see" and "to listen" as conditions for good communication, with this Message for the LVII World Day of Social Communications, I would like to focus on "speaking with the heart". It is the heart that spurred us to go, to see and to listen, and it is the heart that moves us towards an open and welcoming way of communicating. Once we have practised listening, which demands waiting and patience, as well as foregoing the assertion of our point of view in a prejudicial way, we can enter into the dynamic of dialogue and sharing, which is precisely that of communicating in a cordial way. After listening to the other with a pure heart, we will also be able to speak following the truth in love (cf. Eph 4:15). We should not be afraid of proclaiming the truth, even if it is at times uncomfortable, but of doing so without charity, without heart. Because "the Christian's programme" — as Benedict XVI wrote — "is 'a heart which sees'". [1] A heart that reveals the truth of our being with its beat and that, for this reason, should be listened to. This leads those who listen to attune themselves to the same wave length, to the point of being able to hear within their heart also the heartbeat of the other. Then the miracle of encounter can take place, which makes us look at one another with compassion, welcoming our mutual frailties with respect rather than judging by hearsay and sowing discord and division.

Jesus warns us that every tree is known by its fruit (cf. Lk 6:44): "The good man out of the good treasure of his heart produces good, and the evil man out of his evil treasure produces evil; for out of the abundance of the heart his mouth speaks" (v. 45). This is why, in order to communicate truth with charity, it is necessary to purify one's heart. Only by listening and speaking with a pure heart can we see beyond appearances and overcome the vague din which, also in the field of information, does not help us discern in the complicated world in which we live. The call to speak with the heart radically challenges the times in which we are living, which are so inclined towards indifference and indignation, at times even on the basis of disinformation which falsifies and exploits the truth.

## Communicating Cordially

Communicating in a cordial manner means that those who read or listen to us are led to welcome our participation in the joys, fears, hopes and suffering of the women and men of our time. Those who speak in this way love the other because they care and protect their freedom without violating it. We can see this style in the mysterious wayfarer who dialogues with the disciples headed to Emmaus, after the tragedy that took place at Golgotha. The Risen Jesus speaks to them with the heart, accompanying the journey of their suffering with respect, proposing himself and not imposing himself, lovingly opening their minds to understand the profound meaning of what had happened. Indeed, they can joyfully exclaim that their hearts burned within them as he spoke to them on the road and explained the Scriptures to them (cf. Lk 24:32).

In a historical period marked by polarizations and contrasts — to which unfortunately not even the ecclesial community is immune — the commitment to communicating "with open heart and arms"

does not pertain exclusively to those in the field of communications; it is everyone's responsibility. We are all called to seek and to speak the truth and to do so with charity. We Christians in particular are continually urged to keep our tongue from evil (cf. Ps 34:13), because as Scripture teaches us, with the same tongue we can bless the Lord and curse men and women who were made in the likeness of God (cf. Jas 3:9). No evil word should come from our mouths, but rather "only such as is good for edifying, as fits the occasion, that it may impart grace to those who hear" (Eph 4:29).

Sometimes friendly conversations can open a breach even in the most hardened of hearts. We also have evidence of this in literature. I am thinking of that memorable page in Chapter XXI of The Betrothed in which Lucia speaks with the heart to the Innominato [the Unnamed] until he, disarmed and afflicted by a healthy inner crisis, gives in to the gentle strength of love. We experience this in society, where kindness is not only a question of "etiquette" but a genuine antidote to cruelty, which unfortunately can poison hearts and make relationships toxic. We need it in the field of media, so that communication does not foment acrimony that exasperates, creates rage and leads to clashes, but helps people peacefully reflect and interpret with a critical yet always respectful spirit, the reality in which they live.

## Communicating Heart to Heart: "In order to speak well, it is enough to love well"

One of the brightest and still fascinating examples of "speaking with the heart" is offered by Saint Francis de Sales, a Doctor of the Church, whom I wrote about in the Apostolic Letter, Totum Amoris Est, 400 years after his death. In addition to this important anniversary, I would like to mention another anniversary that takes

place in 2023: the centenary of his proclamation as patron of Catholic journalists by Pius XI with the Encyclical, Rerum Omnium Perturbationem. A brilliant intellectual, fruitful writer and profound theologian, Francis de Sales was Bishop of Geneva at the beginning of the XVII century during difficult years marked by heated disputes with Calvinists. His meek attitude, humanity and willingness to dialogue patiently with everyone, especially with those who disagreed with him, made him an extraordinary witness of God's merciful love. One could say about him: "A pleasant voice multiplies friends, and a gracious tongue multiplies courtesies" ( Sir 6:5). After all, one of his most famous statements, "heart speaks to heart", inspired generations of faithful, among them Saint John Henry Newman, who chose it as his motto, Cor ad cor loquitur. One of his convictions was, "In order to speak well, it is enough to love well". It shows that for him communication should never be reduced to something artificial, to a marketing strategy, as we might say nowadays, but is rather a reflection of the soul, the visible surface of a nucleus of love that is invisible to the eye. For Saint Francis de Sales, precisely "in the heart and through the heart, there comes about a subtle, intense and unifying process in which we come to know God". [2] By "loving well", Saint Francis succeeded in communicating with Martin, the deaf-mute, becoming his friend. This is why he is also known as the protector of people with impairments in communicating.

It is from this "criterion of love" that, through his writings and witness of life, the saintly Bishop of Geneva reminds us that "we are what we communicate". This goes against the grain today, at a time when — as we experience especially on social media — communication is often exploited so that the world may see us as we would like to be and not as we are. Saint Francis de Sales

disseminated many copies of his writings among the Geneva community. This “journalistic” intuition earned him a reputation that quickly went beyond the confines of his diocese and still endures to this day. His writings, Saint Paul VI observed, provide for a “highly enjoyable, instructive and moving” reading. [3] If we look today at the field of communications, are these not precisely the characteristics that an article, a report, a television or radio programme or a social media post should include? May people who work in communications feel inspired by this saint of tenderness, seeking and telling the truth with courage and freedom and rejecting the temptation to use sensational and combative expressions.

### Speaking with the Heart in the Synodal Process

As I have emphasised, “In the Church, too, there is a great need to listen to and to hear one another. It is the most precious and life-giving gift we can offer each other”. [4] Listening without prejudice, attentively and openly, gives rise to speaking according to God’s style, nurtured by closeness, compassion and tenderness. We have a pressing need in the Church for communication that kindles hearts, that is balm on wounds and that shines light on the journey of our brothers and sisters. I dream of an ecclesial communication that knows how to let itself be guided by the Holy Spirit, gentle and at the same time, prophetic, that knows how to find new ways and means for the wonderful proclamation it is called to deliver in the third millennium. A communication which puts the relationship with God and one’s neighbour, especially the neediest, at the centre and which knows how to light the fire of faith rather than preserve the ashes of a self-referential identity. A form of communication founded on humility in listening and parrhesia in speaking, which never separates truth from charity.

## Disarming Souls by Promoting a Language of Peace

"A soft tongue will break a bone", says the book of Proverbs (25:15). Today more than ever, speaking with the heart is essential to foster a culture of peace in places where there is war; to open paths that allow for dialogue and reconciliation in places where hatred and enmity rage. In the dramatic context of the global conflict we are experiencing, it is urgent to maintain a form of communication that is not hostile. It is necessary to overcome the tendency to "discredit and insult opponents from the outset [rather] than to open a respectful dialogue". [5] We need communicators who are open to dialogue, engaged in promoting integral disarmament and committed to undoing the belligerent psychosis that nests in our hearts, as Saint John XXIII prophetically urged in the Encyclical Pacem In Terris: "True peace can only be built in mutual trust" (No. 113). A trust which has no need of sheltered or closed communicators but bold and creative ones who are ready to take risks to find common ground on which to meet. As was the case sixty years ago, we are now also living in a dark hour in which humanity fears an escalation of war that must be stopped as soon as possible, also at the level of communication. It is terrifying to hear how easily words calling for the destruction of people and territories are spoken. Words, unfortunately, that often turn into warlike actions of heinous violence. This is why all belligerent rhetoric must be rejected, as well as every form of propaganda that manipulates the truth, disfiguring it for ideological ends. Instead, what must be promoted is a form of communication that helps create the conditions to resolve controversies between peoples.

As Christians, we know that the destiny of peace is decided by conversion of hearts, since the virus of war comes from within the human heart. [6] From the heart come the right words to dispel the

shadows of a closed and divided world and to build a civilization which is better than the one we have received. Each of us is asked to engage in this effort, but it is one that especially appeals to the sense of responsibility of those working in the field of communications so that they may carry out their profession as a mission.

May the Lord Jesus, the pure Word poured out from the heart of the Father, help us to make our communication clear, open and heartfelt.

May the Lord Jesus, the Word made flesh, help us listen to the beating of hearts, to rediscover ourselves as brothers and sisters, and to disarm the hostility that divides.

May the Lord Jesus, the Word of truth and love, help us speak the truth in charity, so that we may feel like protectors of one another.

Rome, Saint John Lateran, 24 January 2023, Memorial of Saint Francis de Sales.

**FRANCISCUS**

[1] Encyclical Letter *Deus Caritas Est* (25 December 2005), 31.
[2] Apostolic Letter *Totum Amoris Est* (28 December 2022).
[3] Cf. Apostolic Epistle *Sabaudiae Gemma*, on the IV Centennial of the Birth of Saint Francis de Sales, Doctor of the Church (29 January 1967).
[4] Message for the LVI World Day of Social Communications (24 January 2022).
[5] Encyclical Letter *Fratelli Tutti* (3 October 2020), 201.
[6] Cf. Message for the 56th World Day of Peace (1 January 2023).

**സർക്കുലർ: 01/2023**

# മരിയൻ പ്രാർത്ഥനാദിനം

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അനുഭവത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് വിശുദ്ധ പോൾ ആറാമൻ മാർപാപ്പ 1965-ൽ ആഗോള മെത്രാൻ സിനഡ് സ്ഥാപിച്ചു. സാർവത്രികസഭയുടെ ഭരണത്തിൽ മാർപാപ്പയെ സഹായിക്കാനാണ് സിനഡൽ മെത്രാന്മാർ ഒരുമിച്ചുകൂടുന്നത്. മെത്രാൻ സിനഡിന്റെ 16-ാമത് ജനറൽ അസംബ്ലി 2023 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ റോമിൽ നടക്കുകയാണ്. "ഒരുമിച്ചു യാത്രചെയ്യുന്ന സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം" എന്നതാണ് മെത്രാൻ സിനഡിന്റെ വിഷയം.

സിനഡ് പ്രക്രിയയ്ക്ക് മൂന്ന് ഘട്ടങ്ങളാണുള്ളത്. തയ്യാറെടുപ്പ് ഘട്ടം, ചർച്ചയുടെ ഘട്ടം, നടപ്പിലാക്കുന്ന ഘട്ടം. ഇതിനോടകം പൂർത്തിയായ തയ്യാറെടുപ്പ് ഘട്ടത്തിൽ സമഗ്രവും കാര്യക്ഷമവുമായ കൂടിയാലോചനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഒരു പ്രാദേശികസഭ എന്ന നിലയിൽ നമ്മുടെ അതിരൂപതയ്ക്കു കഴിഞ്ഞു എന്നത് സന്തോഷത്തോടെ സ്മരിക്കുന്നു. നമ്മളും മറ്റു പ്രാദേശിക സഭാസമൂഹങ്ങളും സമർപ്പിച്ച വിവരങ്ങൾ മേജർആർക്കിഎപ്പിസ്കോപ്പൽ സിനഡൽതലത്തിലും ഭൂഖണ്ഡതലത്തിലുമുള്ള കൂടിയാലോചനകൾക്കുശേഷം റോമിലെ സിനഡ് സെക്രട്ടേറിയേറ്റിലേക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ചർച്ചകൾ നടക്കുന്നതും സിനഡിന്റെ അന്തിമരേഖ തയ്യാറാക്കുന്നതും ഈ വരുന്ന സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 29 വരെ റോമിൽ നടക്കുന്ന ജനറൽ അസംബ്ലിയിൽ ആണ്. തുടർന്ന്, സിനഡിന്റെ വിവിധ ഘട്ടങ്ങളിൽ സമർപ്പിക്കപ്പെട്ട ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ടും അവയെക്കുറിച്ചുള്ള തന്റെ നിഗമനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും മാർപാപ്പ സിനഡാനന്തര അപ്പസ്തോലിക പ്രബോധനം നൽകും. സാർവത്രികതലത്തിലും രൂപതാ തലങ്ങളിലും സിനഡ് തീരുമാനങ്ങൾ നടപ്പിലാക്കുന്നതോടെ ആഗോള സിനഡ് പരിസമാപ്തിയിലെത്തും.

നിർണ്ണായകമായ ചർച്ചകൾ നടക്കുന്ന ജനറൽ അസംബ്ലിക്ക് ഒരുക്കമായി 2023 മെയ് 31 ബുധനാഴ്ച കത്തോലിക്കാ സഭയിലാകെ 'മരിയൻ പ്രാർത്ഥനാ ദിനം' ആയി ആചരിക്കാൻ റോമിലെ സിനഡ് സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. സിനഡൽ പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ച് ദൈവജനത്തെ ഒരിക്കൽക്കൂടി ബോധവാന്മാരാക്കാനും എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കാനും സർവ്വോപരി സിനഡൽ പ്രക്രിയയും പ്രത്യേകിച്ച് ജനറൽ അസംബ്ലിയുടെ പ്രവർത്തനങ്ങളും പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിനു ഭരമേല്പിക്കാനും മരിയൻ പ്രാർത്ഥനാദിനം അവസരമാകും. ഇന്ത്യയുടെ പല ഭാഗങ്ങളിൽ ക്രൈസ്തവർ അനുഭവിക്കുന്ന പീഡനങ്ങളുടെയും ക്രൈസ്തവ സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കും നേരെയുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിൽ സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ സംഘർഷബാധിതമായ പ്രദേശങ്ങളിൽ നീതിയും സമാധാനവും പുലരാൻവേണ്ടി ഭാരതറാണിയായ പരിശുദ്ധ അമ്മയോട് നമുക്ക് മാധ്യസ്ഥ്യം അപേക്ഷിക്കാം.

നമ്മുടെ അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും, പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിലുള്ള ദേവാലയങ്ങളിൽ കൂടുതൽ ആഘോഷത്തോടെയും 2023 മെയ് 31 ബുധനാഴ്ച 'മരിയൻ പ്രാർത്ഥനാ ദിനം' ആയി കൊണ്ടാടണം. അന്നേദിവസം പരിശുദ്ധകുർബാനയ്ക്കു ശേഷമോ പരിശുദ്ധകുർബാനയുടെ വാഴ്വിന്റെ അവസരത്തിലോ കൊന്തനമസ്കാരത്തിന്റെ അവസാനത്തിലോ ഇതോടൊപ്പം നൽകുന്ന പ്രാർത്ഥന ചൊല്ലേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവം,

ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത്
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ, എറണാകുളം-അങ്കമാലി അതിരൂപത
27/05/2023

# റോമിലെ മെത്രാൻ സിനഡിന്റെ പതിനാറാമത് ജനറൽ അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർഥന

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, വാഗ്ദത്തനാട്ടിലേക്കുള്ള യാത്രയിൽ പകൽ മേഘത്തൂണായും രാത്രി അഗ്നിസ്തംഭമായും ഇസ്രായേൽ മക്കളോടുകൂടെ അങ്ങുനടന്നതുപോലെ, പുതിയ ഇസ്രായേലായ സഭയുടെ കൂടെനടന്നു വചനമാകുന്ന വെളിച്ചവും പരിശുദ്ധ കുർബാനയാകുന്ന അഗ്നിയുംനൽകി ഈ കാലഘട്ടത്തിലും സഭയെ സംരക്ഷിക്കുന്നതിനെയോർത്ത് അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. പന്തക്കുസ്താനാളിൽ ശ്ലീഹന്മാരുടെമേൽ ഇറങ്ങിവന്നു അവരെ ശക്തിപ്പെടുത്തുകയും സഹസ്രാബ്ദങ്ങളിലൂടെ സഭയെ പ്രേഷിതദൗത്യനിർവഹണത്തിൽ നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. സെഹിയോൻശാലയിൽ പ്രാർഥിച്ചുകൊണ്ടിരുന്ന ശ്ലീഹന്മാരുടെകൂടെ ആയിരിക്കുകയും അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയുംചെയ്ത പരിശുദ്ധ കന്യാമറിയത്തെപ്പോലെ രക്ഷാപദ്ധതിയിൽ സഭാമക്കളായ ഞങ്ങളെയും സഹകാരികളാക്കണമേ.

ബേത്‌ലഹേമിലേക്കും ഈജിപ്തിലേക്കും നസ്രത്തിലേക്കുമുള്ള ക്ലേശകരമായ യാത്രകളിലും എല്ലാ ജീവിതസാഹചര്യങ്ങളിലും മാർ യൗസേപ്പിതാവിനോടൊപ്പമായിരുന്ന പരിശുദ്ധ മറിയമേ, ക്ലേശങ്ങളുടെയും സഹനങ്ങളുടെയും അവസരങ്ങളിലും കുടുംബബന്ധങ്ങളുടെ പവിത്രതയും വിശ്വസ്തതയും കാത്തുസൂക്ഷിക്കാൻ ഞങ്ങളെ സഹായിക്കണമേ. ദിവ്യസുതന്റെ കുരിശുയാത്രയിൽ അവിടത്തെ സഹനത്തോട് അവസാനംവരെ ചേർന്നുനിന്ന പരിശുദ്ധ മറിയമേ, ഈശോമിശിഹാ സ്ഥാപിച്ച സഭയെ ശത്രുക്കളുടെ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കുന്ന കോട്ടയായി അമ്മ വർത്തിക്കണമേ. ക്രിസ്ത്യാനികളുടെ സഹായമായ മറിയമെ, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ പീഡനമേൽക്കുന്ന ക്രൈസ്തവർക്ക് അമ്മ സംരക്ഷണമൊരുക്കണമെ. സംഘർഷമുള്ളിടത്ത് സമാധാനം പുലരാൻ അമ്മ മാധ്യസ്ഥ്യം വഹിക്കണമെ.

തിരുസഭയുടെ മാതാവേ, ഈ കാലഘട്ടത്തിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രതിസന്ധികളെയും തരണംചെയ്യാനുള്ള ആത്മീയമായ കരുത്തും ആഴമായ വിശ്വാസവും ശക്തമായ ബോധ്യങ്ങളും

നൽകി സഭാമക്കൾ എല്ലാവരെയും അനുഗ്രഹിക്കണമേ. അതിനായി സഭയിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളെയും വിജയിപ്പിക്കണമേ. പ്രത്യേകമായി ഈ വർഷം റോമിൽ നടക്കാനിരിക്കുന്ന മെത്രാൻ സിനഡിന്റെ പതിനാറാമത് ജനറൽ അസംബ്ലിയെ അമ്മയുടെ പ്രത്യേക മാധ്യസ്ഥ്യത്തിനു ഞങ്ങൾ സമർപ്പിക്കുന്നു. മെത്രാൻസിനഡിനു നേതൃത്വം നൽകുന്ന പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പായ്ക്കും സിനഡുസമ്മേളനം സംഘടിപ്പിക്കുന്നവർക്കും ഇതിൽ പങ്കെടു ക്കുന്നവർക്കും ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന മറ്റെല്ലാവർക്കും വേണ്ടി അമ്മ അവിടത്തെ പ്രിയ പുത്രന്റെ പക്കൽ നിരന്തരം പ്രാർഥി ക്കണമേ. പ്രത്യേകമായി സീറോമലബാർസഭയിൽനിന്ന് ഈ ജനറൽ അസംബ്ലിയിൽ പങ്കെടുക്കുന്ന മേജർ ആർച്ചുബിഷപ്പിനെയും മറ്റു പിതാക്കന്മാരെയും പ്രത്യേകമായി അനുഗ്രഹിക്കണമേ. ആദിമസഭയിൽ ശിഷ്യന്മാരെ ശക്തിപ്പെടുത്തി അവരോടൊപ്പം നടന്ന പരിശുദ്ധ അമ്മേ, സഭയാകുന്ന ഏകശരീരത്തിലെ അംഗങ്ങളെല്ലാവരും സ്വർഗീയ ഓറശ്ലേ മിലേക്ക് ഒരുമിച്ചുനടക്കാൻ ഉതകുന്ന നവീകരണം സാധ്യമാക്കാനുള്ള അവസരമായി മെത്രാൻ സിനഡിന്റെ ഈ സമ്മേളനത്തെ അമ്മ ക്രമ പ്പെടുത്തണമേ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, പിതാവായ അങ്ങേ യ്ക്കും അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായ്ക്കും പരിശുദ്ധ റൂഹായ്ക്കും അർപ്പിക്കപ്പെടുന്ന സ്വർഗീയ ആരാധനയിൽ പരിശുദ്ധ അമ്മയോടും മാലാഖമാരോടും സകല വിശുദ്ധരോടുമൊപ്പം സ്തുതി ഗീതങ്ങളാലപിക്കാൻ ഞങ്ങൾക്കെല്ലാവർക്കും ഇടയാകട്ടെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും, ആമ്മേൻ

* * * * *

## കച്ചേരിക്കാര്യം

# അതിരൂപതാദിനം - ജൂൺ 16 വെള്ളിയാഴ്ച

നമ്മുടെ അതിരൂപത ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമായതിനാൽ, ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി നമുക്ക് വളരെ പ്രധാനപ്പെട്ടതാണ്. നമ്മൾ **അതിരൂപതാദിനമായി** ആചരിക്കുന്നത് തിരുഹൃദയതിരുനാൾ ദിനമാണ്. അതിരൂപതയിലെ ഇടവകകൾക്കും കുടുംബങ്ങൾക്കും അതിരൂപതയ്ക്കു മുഴുവനും ദൈവം നൽകിയ നിരവധിയായ അനുഗ്രഹങ്ങളെ പ്രതി അവിടത്തേയ്ക്ക് അതിരൂപത ഒന്നാകെ കൃതജ്ഞത അർപ്പിക്കുന്ന ദിവസം. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനും, ഇടവകകൾക്കും, കുടുംബങ്ങൾക്കും, വൈദികർക്കും, സന്ന്യസ്തർക്കും, പിതാക്കന്മാർക്കും വേണ്ടി പ്രാർത്ഥിക്കുന്ന ദിവസം. ഈശോയുടെ തിരുഹൃദയത്തിനു ചേർന്ന ഒരു സഭാസമൂഹമായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ശുശ്രൂഷയിലും കൂടുതൽ പ്രോജ്ജ്വലിക്കുന്ന സാക്ഷ്യമായി നമ്മുടെ അതിരൂപത അനുദിനം വളരുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

അന്നേദിവസം നമ്മുടെ പള്ളികളിൽ തിരുഹൃദയസ്തുതിക്കായി വിശുദ്ധ കുർബാന അർപ്പിച്ച് അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും, വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് ആരാധനയും തിരുഹൃദയപ്രതിഷ്ഠയും നടത്തുന്നതിനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം നമ്മുടെ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും അംഗങ്ങൾ എല്ലാവരും ഒരുമിച്ചുകൂടി തിരുഹൃദയപ്രതിഷ്ഠ നടത്തേണ്ടതാണ്.

അന്നേ ദിവസം എറണാകുളം മേജർ ആർച്ചുബിഷപ്സ് ഹൗസിൽ രാവിലെ 9.00 മണി മുതൽ വൈകിട്ട് 3.00 മണി വരെ ആരാധന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# Transfers/Appointments

Rev. Fathers

## March 2023

| | |
|---|---|
| Thykkadan Rijo OFM Cap. | Asst. Vicar, Malayattoor |

## April 2023

| | |
|---|---|
| Bharanikulangara Paul (Jino) | Asst. Director, Kalamassery - Social Welfare Centre (Addl.) |
| Kakkattuchira Thomas (Jimmy) | Relieved - Joint Director, Kalamassery - Social Welfare Centre |
| Pallippattu Paul (Nikhil) | Asst. Manager, Mar Louis Book Centre (Addl.) |
| Thekkevalliara John (Jalandhar) | Resident Priest, Kizhakkambalam |
| Thettayil Jacob (Jeslin) | Asst. Manager, Mar Louis Publications (Addl.) |
| Thottungathara Varghese CST | Relieved - Mookkannoor (Helping) |

## May 2023

| | |
|---|---|
| Chamakkichirayil Jerin CMI | Relieved - Asst. Vicar, Karukutty (Monastery) |
| Chirepadickal Jaison CMI | Vicar, Karukutty (Monastery) |
| Elanjithara Tobin CMI | Asst. Vicar, Kottarappilly (Monastery) |
| Eruvelikunnel Martin CST | Mookkannoor (Helping) |
| Kaiprampadan Antu CMI | Asst. Vicar, Karukutty (Monastery) |
| Menacherry Varghese VC | Vicar, Thottakom |
| Menachery Antony CMI | Relieved - Vicar, Karukutty (Monastery) |
| Nedumchalil Romulas VC | Relieved - Vicar, Thottakom |
| Periyappadan Sibin CMI | Pro. Vicar, Kottarappilly (Monastery) |
| Petta Rijo CMI | Relieved - Asst. Vicar, Neeleeswaram (Monastery) |
| Pudussery James CMI | Pro. Vicar, Manappuram (Monastery) |
| Tharayil Issac CMI | Vicar, Neeleeswaram (Monastery) |
| Thekkumkattil Augustine CMF | Pro. Vicar, Relieved - Valoor |
| Thenayan Derin CMI | Asst. Vicar, Neeleeswaram (Monastery) |
| Vadakkeakkayil Josy CMI | Relieved - Asst. Vicar, Kottarappilly (Monastery) |
| Vazhappilly Sebastian | Priest-in-charge, Valoor |

**Chancellor**

# വൈദികരുടെ വാർഷിക ധ്യാനം

നിവേദിത, ചുണങ്ങംവേലി

**ബാച്ച് 1**
ജൂൺ 4 - 09 റവ. ഫാ. കുര്യൻ പുരമഠം

**ബാച്ച് 2**
ജൂൺ 11 - 16 റവ. ഫാ. കുര്യൻ പുരമഠം

**ബാച്ച് 3**
ജൂൺ 18 - 23 റവ. ഫാ. ഷാജി കരിപ്ലാനിൽ OFM Cap.

**ബാച്ച് 4**
ജൂൺ 25 - 30 റവ. ഫാ. മാർട്ടിൻ എൻ. ആന്റണി O.deM

## കച്ചേരി അവധി

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം നടക്കുന്ന **ജൂൺ 04 മുതൽ 30 വരെ**യുള്ള ദിവസങ്ങളിൽ കുർബാന കണക്കു പുസ്തകങ്ങളുടെ പരിശോധന അതിരൂപതാ കച്ചേരിയിൽ നടക്കുന്നതിനാൽ കച്ചേരി അവധിയായിരിക്കും. **ഈ ദിവസങ്ങളിൽ കച്ചേരിയിലേക്ക് ആളുകളെ പറഞ്ഞയയ്ക്കാതിരിക്കാൻ അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

# *New Office-Bearers*

## Congregation of Preshitharam Sisters (CPS)



### General Administration

| | | |
|---|---|---|
| Superior General | - | Sr. Dona CPS |
| General Councillors | - | Sr. Vandana Jose CPS |
| | | Sr. Jisma CPS |
| | | Sr. Judit CPS |
| Procurator General | - | Sr. Jositta CPS |
| Secretary General | - | Sr. Sobhitha CPS |

***Congratulations and Prayerful Wishes to the New Office-Bearers***

# *New Office-Bearers*

## Order of Friars Minor Capuchins (OFM Cap.)



### St. Thomas Capuchin Province, Aluva

| | |
|---|---|
| Provincial Minister | - Fr. Jaison Kalan OFM Cap. |
| Vicar Provincial | - Fr. Lotus Paul Malekudy OFM Cap. |
| Councillors | - Fr. Gratian Chittilappilly OFM Cap. |
| | Fr. David Francis Peramangalam OFM Cap. |
| | Fr. Shaju Varghese Vadakkan OFM Cap. |

***Congratulations and Prayerful Wishes to the New Office-Bearers***

# വാർത്തകളും വിശേഷങ്ങളും

## ഉക്രെയ്ൻ സമാധാന ദൗത്യം കർദിനാൾ സുപ്പിക്ക്

ഉക്രെയ്നിലെ സംഘർഷം ലഘൂകരിക്കാനുള്ള ദൗത്യത്തിന് നേതൃത്വം നൽകാനുള്ള ഉത്തരവാദിത്വം ബൊളോഞ്ഞ ആർച്ചുബിഷപ്പും ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസ് പ്രസിഡന്റുമായ കർദിനാൾ മറ്റെയോ സുപ്പിക്ക് ഫ്രാൻസിസ് മാർപാപ്പ നല്കി.

കുടിയേറ്റക്കാരെ സഹായിക്കുകയും എക്യുമെനിസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു കത്തോലിക്കാ അൽമായ പ്രസ്ഥാനമാണ് സാന്ത് എജീദിയോ. മൊസാംബിക്ക്, ദക്ഷിണ സുഡാൻ തുടങ്ങിയ രാജ്യങ്ങളിൽ സമാധാന ചർച്ചകൾ നടത്തുന്നത് ഉൾപ്പെടെയുള്ള അനുരഞ്ജന ചർച്ചകൾക്കും ഇത് സഹായിച്ചിട്ടുണ്ട്. ഉക്രെയ്നിലെ സംഘർഷം അവസാനിപ്പിക്കാനുള്ള സമാധാന ദൗത്യത്തിൽ വത്തിക്കാൻ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു.

## ബിഷപ് വർഗീസ് തോട്ടങ്കര ബാലേശ്വർ രൂപതാധ്യക്ഷൻ

എത്യോപ്യായിൽ സേവനം ചെയ്യുകയായിരുന്ന മലയാളി ബിഷപ് വർഗീസ് തോട്ടങ്കരയെ ഒഡിഷയിലെ ബാലേശ്വർ രൂപതാധ്യക്ഷനായി മാർപാപ്പ നിയമിച്ചു. 63 കാരനായ ബിഷപ് തോട്ടങ്കര എറണാകുളം-അങ്കമാലി അതിരൂപതയിലെ തോട്ടുവ ഇടവകാംഗമാണ്.

## വന്യജീവികൾ നാട്ടിലിറങ്ങുന്നത് നിയന്ത്രിക്കാൻ നടപടികൾ വേണം: കെ.സി.ബി.സി.

വന്യ ജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നതും മനുഷ്യരെ ആക്രമിക്കുന്നതും നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾക്കും നിയമ നിർമാണത്തിനും സർക്കാർ തയാറാകണമെന്നു കെ.സി.ബി.സി. പ്രസിഡന്റ് കർദിനാൾ മാർ ബേസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ആവശ്യപ്പെട്ടു. വന്യജീവികളുടെ ആക്രമണങ്ങൾ കേരളത്തിൽ തുടർക്കഥയാകുന്നത് സർക്കാർ അർഹമായ ഗൗരവത്തോടെ കാണണം. വനത്തിനും വന്യജീവികൾക്കും സംരക്ഷണം നൽകാൻ സർക്കാർ സംവിധാനങ്ങൾ പുലർത്തുന്ന ജാഗ്രത മനുഷ്യന്റെ കാര്യത്തിലും ഉണ്ടാകണം.



# നിര്യാതരായി



**ബ്രദർ തോമസ് പുതുപറമ്പിൽ CST**

CST ജനറലേറ്റ്, അങ്കമാലി.

ജനനം : 18-03-1958

ആദ്യവ്രതം : 08-09-1984

മരണം : 14-05-2023



**സി. ആനീസ് SABS**

(മണവാളൻ, എളവൂർ)

പ്രൊവിൻഷ്യൽ ഹൗസ്, കളമശ്ശേരി

ജനനം : 05-08-1949

ആദ്യവ്രതം : 01-05-1971

മരണം : 28-05-2023



**സി. മരിയറ്റ SABS**

(കടമ്പാട്ടുപറമ്പിൽ, പരിയാരം)

എസ്.എച്ച്. കോൺവെന്റ്, കൊരട്ടി

ജനനം : 14-04-1942

ആദ്യവ്രതം : 22-04-1961

മരണം : 26-05-2023



**സി. അലീഷ്യ SABS**

(വാതപ്പള്ളിൽ, മൂത്തേടത്തുകാവ്)

അഡോറേഷൻ കോൺവെന്റ്, പൊതി

ജനനം : 18-10-1934

ആദ്യവ്രതം : 30-04-1964

മരണം : 24-05-2023



**സി. റോബർട്ട് SABS**

(ആനാംതുരുത്തിൽ, പള്ളുരുത്തി)

അഡോറേഷൻ കോൺവെന്റ്, പൊതി

ജനനം : 25-08-1942

ആദ്യവ്രതം : 24-04-1962

മരണം : 22-04-2023



**സി. യൂജിൻ CMC**
വിമലാഭവൻ, തൃക്കാക്കര
ജനനം : 28-02-1939
ആദ്യവ്രതം : 04-06-1960
മരണം : 20-05-2023



**സി. ലെയനാർഡ് മാളിയേക്കൽ SD**
പ്രൊവിൻഷ്യൽ ഹൗസ്, ചുണങ്ങംവേലി
ജനനം : 08-10-1939
ആദ്യവ്രതം : 06-01-1967
മരണം : 10-05-2023

---

# വിശ്വാസപരിശീലനകേന്ദ്രം

2023-24 വിശ്വാസപരിശീലനവർഷം
ആപ്തവാക്യം: **'നന്മയിൽ വളരാം'**

1. Arise: ഈ വർഷം പുതുമയോടെ നിർദ്ദേശിക്കുന്ന പ്രോഗ്രാമാണിത്. കുട്ടികളെ പള്ളിയിലേക്ക് ആകർഷിക്കുവാൻ വിഭാവനം ചെയ്യുന്ന ക്രിയാത്മകമായ പ്രോഗ്രാമാക്കി ഇതിനെ മാറ്റുമല്ലോ. പ്രവേശനോത്സവത്തിന്റെയും IBC-യുടെയും മാതൃകയിൽ ഈ വർഷം ജൂൺ മാസം 4, 11, 18 ഞായറാഴ്ചകളിൽ Arise സംഘടിപ്പിക്കാം.

04-06-2023 (ഒന്നാം ഞായർ): A Day with Catechism Teachers

11-06-2023 (രണ്ടാം ഞായർ): A Day with Vicar, Sisters & Parish Officials

18-06-2023 (മൂന്നാം ഞായർ): A Day with Children & Parents. ഇതിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ സർക്കുലറിലൂടെ അറിയിച്ചിട്ടുള്ളതാണ്.

2. ടീച്ചേഴ്സിന് ഓറിയന്റേഷൻ ക്ലാസ്: 2023-24 വിശ്വാസപരിശീലന വർഷം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി ഓരോ ഇടവകയിലും

ടീച്ചേഴ്സിന് ഓറിയന്റേഷൻ ക്ലാസ് നൽകുന്നത് അഭികാമ്യമായിരിക്കും. ഇടവകയിൽനിന്നോ അടുത്ത ഇടവകയിൽ നിന്നോ ഉള്ള ഒരു റിസോഴ്സ് പേഴ്സനെ ഇതിനായി കണ്ടെത്തുന്നത് ഉചിതമായിരിക്കും. ചുറ്റുപാടുകളിൽനിന്നും motivation talk നൽകുവാൻ കഴിയുന്നവരെയും സ്കൂൾ, കോളേജ് എന്നിവിടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരേയും പ്രൊഫഷണൽ ജോലി ചെയ്യുന്നവരെയും പ്രാപ്തരായ മാതാപിതാക്കളെയും ഇതിനായി പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണ്.

3. സന്മാർഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 10 ശനിയാഴ്ച: നമ്മുടെ അതിരൂപതയുടെ കീഴിൽ സന്മാർഗ ബോധന ക്ലാസ്സുകൾ നടത്തുന്ന സ്ക്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റെയും യോഗവും സന്മാർഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും ജൂൺ 10 ശനിയാഴ്ച റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു.

ജൂൺ 10-ന് ശനിയാഴ്ച രാവിലെ 10.00-ന് രജിസ്ട്രേഷൻ; മീറ്റിങ് 10.30 മുതൽ 1.00 മണി വരെ. ഉച്ചകഴിഞ്ഞ് 2.00 മണിക്ക് സന്മാർഗബോധന വർഷം ഉദ്ഘാടനവും അവാർഡ് ദാനവും. 2022-23 സന്മാർഗബോധന വർഷത്തിൽ നാലു മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെ A+ കരസ്ഥമാക്കി സ്കോളർഷിപ്പിന് അർഹരായ കുട്ടികൾക്കുള്ള സമ്മാനദാനം.

4. കാറ്റിക്കിസം & സന്മാർഗബോധന പാഠപുസ്തകങ്ങൾ: ഫൊറോനാകേന്ദ്രങ്ങളിൽ എത്തിച്ചു.

5. വിശ്വാസപരിശീലനം നൽകുന്ന അദ്ധ്യാപകരുടെ ഫൊറോനതല മീറ്റ് ജൂൺ മാസം 18-ാം തീയതി മുതലും വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന ഡിപ്ലോമ പ്ലസ്ടു വിദ്യാർത്ഥികളുടെ ഫൊറോനതല ഏകദിന സംഗമമായ എലൈവും എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളുടെ ഫൊറോനാതല ഏകദിന ശില്പശാലയായ എൻലൈറ്റും 2023 ജൂലൈ മാസം 09-ാം തീയതി മുതൽ ആരംഭിക്കുന്നു. ഓരോ ഫൊറോനയിലും ഈ പരിപാടികൾ നടത്തേണ്ട തീയതികൾ കാറ്റിക്കിസം ഫൊറോന കൗൺസിലിനെ നേരത്തെ അറിയിച്ചിട്ടുള്ളതാണ്.

6. 2023 ജൂൺ 18 ഞായർ: കാറ്റിക്കിസം ടീച്ചേഴ്സിന്റെ ഫൊറോന തല മീറ്റ്: കിഴക്കമ്പലം ഫൊറോന.

7. 2023 ജൂലൈ 03 തിങ്കൾ: ദുക്റാന മാർഗം ക്വിസ് (ഓൺലൈൻ) വിഷയം: അതിരൂപത ഹൈരാർക്കി സ്ഥാപനം.

8. വിശ്വാസപരിശീലനം നടത്തുന്ന കാറ്റക്കിസം ടീച്ചേഴ്സിന്റെ ഓറിയന്റേഷൻ പ്രോഗ്രാം അതിരൂപതാതലത്തിൽ ഓരോ ക്ലാസ്സുകാർക്കുംവേണ്ടി ജൂലൈ മാസം ആരംഭിക്കുന്നു (കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കും).

ജൂലൈ 08: Catechism Teachers' Orientation Programme - Class X
ജൂലൈ 17: Catechism Teachers' Orientation Programme - Class VIII
ജൂലൈ 28: Catechism Teachers' Orientation Programme - Class VII

9. 2023 ജൂലൈ മാസത്തിൽ നടക്കുന്ന പരിപാടികൾ:
ജൂലൈ 09 ഞായർ: എലൈവ് - മൂക്കന്നൂർ ഫൊറോന
ജൂലൈ 16 ഞായർ: എലൈവ് - വൈക്കം ഫൊറോന
ജൂലൈ 23 ഞായർ: എലൈവ് - പള്ളിപ്പുറം ഫൊറോന
ജൂലൈ 30 ഞായർ: എലൈവ് - ചേർത്തല ഫൊറോന

10. നമ്മുടെ അതിരൂപതയുടെ 2023-24 വിശ്വാസപരിശീലന വർഷത്തിന്റെ ഉദ്ഘാടനകർമ്മം മെയ് 21-ാം തീയതി ബിഷപ് ജോസ് പുത്തൻവീട്ടിൽ നിർവ്വഹിച്ചു. അതിരൂപതയിലെ 5500 ഓളം വരുന്ന വിശ്വാസപരിശീലകരുടെ പ്രതിനിധികളായ പ്രധാനാധ്യാപകരും, പ്രൊമോട്ടേഴ്സും, സെക്രട്ടറി സിസ്റ്റേഴ്സും, മാതാപിതാക്കളും, സമ്മാനർഹരായ കുട്ടികളും പങ്കെടുത്ത സമ്മേളനത്തിൽ വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യമായ 'നന്മയിൽ വളരാം' എന്ന വിഷയത്തെ ആസ്പദമാക്കി ബിഷപ് ജോസ് പുത്തൻവീട്ടിൽ സംസാരിച്ചു. അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കിയ വചനദീപം എന്ന ഗ്രന്ഥത്തിന്റെയും വാർഷിക കലണ്ടറിന്റെയും 2023-24 വിശ്വാസ പരിശീലന വർഷത്തിന്റെ 'നന്മയിൽ വളരാം' എന്ന ലോഗോയുടെയും പ്രകാശനകർമ്മവും പിതാവ് നടത്തി.

സീറോമലബാർസഭയുടെ കാറ്റക്കിസം പുസ്തകങ്ങളിൽ നൽകിയിട്ടുള്ള പാട്ടുകൾക്ക് സംഗീതം നൽകി ആക്ഷൻസോങ്ങിലൂടെ ഇദംപ്രഥമമായി അവതരിപ്പിക്കുന്ന ദോമൂസ് കാറ്റ് സോങ്സ് പദ്ധതിക്കും പിതാവ് തുടക്കം കുറിച്ചു. സമർപ്പിതരുടെ സഹായത്തോടെയാണ് അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം പ്രസ്തുത പദ്ധതിക്ക് തുടക്കമിട്ടിരിക്കുന്നത്.

വിശ്വാസപരിശീലനരംഗത്തു 25ഉം, 40ഉം, 50ഉം വർഷങ്ങൾ പ്രവർത്തിച്ച 160 വിശ്വാസപരിശീലകരെ പിതാവ് സമ്മേളനത്തിൽ ആദരിച്ചു. വിശ്വാസപരിശീലനകേന്ദ്രം സംഘടിപ്പിച്ച വിവിധ മത്സരങ്ങളിൽ വിജയികളായിട്ടുള്ളവർക്കും അതിരൂപതാതല സ്കോളർഷിപ്പു നേടിയ 225 കുട്ടികൾക്കും സീറോമലബാർ പ്രതിഭാസംഗമത്തിൽ പങ്കെടുത്ത 08 കുട്ടികൾക്കും 12 വർഷം വിശ്വാസപരിശീലന ക്ലാസുകളിൽ മുടങ്ങാതെവന്ന 12 കുട്ടികൾക്കും പിതാവ് ട്രോഫിയും അവാർഡുകളും നൽകി. വികാരി ജനറാൾ മോൺസിഞ്ഞോർ ആന്റണി പെരുമായൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കാറ്റിക്കിസം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ, പ്രൊഫസർ സെബാസ്റ്റ്യൻ വളർക്കോട്ട്, ശ്രീ. പൗലോസ് പുതുശ്ശേരി, പ്രൊഫസർ സ്റ്റെന്‍ ജോസഫ്, ശ്രീമതി ഷിബി സോബച്ചൻ, കുമാരി ക്ലിന്റ, റവ. സിസ്റ്റർ അമല എസ്.ഡി. എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

പൊങ്ങം നൈപുണ്യ കോളേജിന്റെ ഡയറക്ടറായ റവ. ഡോ. പോൾ കൈത്തോട്ടുങ്കലാണ് പ്രതിനിധി സമ്മേളനത്തിൽ വിഷയാവതരണം നടത്തിയത്. റവ. ഡോ. ജോസ് ഓലിയപ്പുറം തയ്യാറാക്കിയ 'വിശുദ്ധ ഗ്രന്ഥം ചോദ്യോത്തരങ്ങളിലൂടെ' എന്ന അഞ്ചു പുസ്തകങ്ങളുടെ പ്രകാശനകർമ്മം കാറ്റിക്കിസം ഡയറക്ടർ റവ. ഡോ. പീറ്റർ കണ്ണമ്പുഴ നിർവ്വഹിച്ചു. റിന്യൂവൽ സെന്റർ ഡയറക്ടർ റവ. ഡോ. ജോഷി പുതുശ്ശേരി ആദ്യപ്രതി ഏറ്റുവാങ്ങി. ബ്രദർ എൽവിസ് കോട്ടൂരാനും ഡിവൈൻ മേഴ്സി ടീമും പ്രെയ്സ് ആന്റ് വർഷിപ്പ് നടത്തി.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**

# AICO
## (Archdiocesan Institutions' Central Office)

**ബോർഡ് മീറ്റിംഗ്**

| | |
|---|---|
| മെയ് 12 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| മെയ് 15 | മാർ ലുയീസ് ബുക്ക് സെന്റർ, എറണാകുളം |
| മെയ് 19 | ലിസി ഹോസ്പിറ്റൽ, എറണാകുളം & ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി (ജോയിന്റ് മീറ്റിംഗ്) |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഏപ്രിൽ 26 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| ഏപ്രിൽ 27 | നൈപുണ്യ പബ്ലിക് സ്കൂൾ, കൊച്ചി |
| ഏപ്രിൽ 28 | ജിയോ സെന്റർ, ചക്കരപറമ്പ് |
| മെയ് 03 | 1. നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട്, പൊങ്ങം<br>2. നൈപുണ്യ പബ്ലിക് സ്കൂൾ, എടക്കുന്ന് |
| മെയ് 04 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മെയ് 08 | ഭാരത മാതാ കോളേജ്, തൃക്കാക്കര |
| മെയ് 09 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |
| മെയ് 12 | മദർ തെരേസ ഹോസ്റ്റൽ, തുതിയൂർ |
| മെയ് 18 | ലൂർദ് മാതാ ചർച്ച് പെരുമാനൂർ |
| മെയ് 23 | ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോ സിഞ്ചെല്ലൂസ്**

# ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074643
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200
Web.www.jeevalaya.org, Email : jeevalayafamilypark@gmail.com

## 2023 ജൂൺ - ജൂലൈ

### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ജൂൺ 05-07 (കലൂർ) | ജൂലൈ 03-05 (കലൂർ) |
| ജൂൺ 13-15 (കാലടി) | ജൂലൈ 11-13 (കാലടി) |
| ജൂൺ 19-21 (കലൂർ) | ജൂലൈ 17-19 (കലൂർ) |
| ജൂൺ 27-29 (കാലടി) | ജൂലൈ 25-27 (കാലടി) |

NB:ധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** ജൂൺ 09-11

**ദമ്പതി ധ്യാനം** ജൂലൈ 06-09

### യൂദിത്ത്ഫോറംവാർഷികം (മേഖല സമ്മേളനം)

ജൂൺ 10 - കുടവെച്ചൂർ സെന്റ് മേരീസ് ചർച്ച്
(രാവിലെ 09.30 മുതൽ 03.30 വരെ)
ഫൊറോനകൾ - വൈക്കം, ചേർത്തല, പള്ളിപ്പുറം
ജൂൺ 17 - കറുകുറ്റി സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച്
(രാവിലെ 09.30 മുതൽ 03.30 വരെ)
ഫൊറോനകൾ - കൊരട്ടി, കറുകുറ്റി, മൂഴിക്കുളം, മൂക്കന്നൂർ
ജൂൺ 24 - കാക്കനാട് രാജഗിരിവാലി
(രാവിലെ 09.30 മുതൽ 03.30 വരെ)
ഫൊറോനകൾ - എറണാകുളം, ഇടപ്പള്ളി, തൃപ്പൂണിത്തുറ, പറവൂർ, കിഴക്കമ്പലം
ജൂലൈ 01 - കൈപ്പട്ടൂർ, വ്യാകുലമാതാ പള്ളി
(രാവിലെ 09.30 മുതൽ 03.30 വരെ)
ഫൊറോനകൾ - അങ്കമാലി, മഞ്ഞപ്ര, കാഞ്ഞൂർ, വല്ലം

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) നൈപുണ്യ ഇന്റർനാഷണൽ, കോർപ്പറേറ്റ് ഓഫീസ്

**Contact: 9446339966, 0484-2381947, 9947489966**

- **Overseas Education - Work/Study Abroad**
  Attn: + 2 students & graduates - golden opportunity awaits you!

- Study, work & settle in your dream destinations- Canada, UK, Germany, Ireland, Australia & New Zealand and other countries
- September 2023 intake is open. Apply immediately
- IELTS offline & online classes (New batches on all Mondays)
- UK Nursing Free Recruitment
- Ireland Nursing, Apply Immediately

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ് ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള Students, Parents, Employees നെ സ്വാഗതം ചെയ്യുന്നു. അടുത്ത ബാച്ച് 2023 ജൂണ് 5-ന് ആരംഭിക്കുന്നു.

- **Talent Track**

- ടാലന്റ് ട്രാക്കിന്റെ ഭാഗമായി നൈപുണ്യ ഇന്റർനാഷണൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് പദ്ധതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പഠനസഹായത്തിനുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു.

## 2) നൈപുണ്യ അക്കാദമി, റിന്യൂവൽ സെന്റർ, കലൂർ

**Contact: 9544919144 , 9072919144**

- **ജൂൺ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് (A1, A2) ബാച്ചുകൾ ജൂൺ 1-ന് ആരംഭിക്കുന്നു.

2. സ്പാനിഷ് കോഴ്സ് (A1) ഓൺലൈൻ ബാച്ചുകൾ ജൂൺ 19-ന് ആരംഭിക്കുന്നു.
3. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു (2023 -2024). ക്ലാസ്സുകൾ ജൂൺ 2023-ൽ ആരംഭിക്കും.
4. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) നൈപുണ്യ അക്കാദമി, തൃക്കാക്കര

**Contact: 9544919133, 9947349966**

- **Programs (APRIL)**

- UGC NET PAPER I & PAPER II - Offline (admission started for December exam)
- BANK (IBPS, PO, CLERK, SO) Offline (new admission all Mondays)
- SSC (CGL, CHSL, MTS) Offline (new admission all Mondays)
- PSC Offline (new admission all Mondays)
- IELTS -Regular & Offline (all Mondays new batch)
- PTE (Pearson Test of English) (All Mondays new batch)

## 4) നൈപുണ്യ ഇന്റർനാഷണൽ, L.F. കാമ്പസ്, അങ്കമാലി

**Contact: 9544919155, 9633338433**

IELTS, OET തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായ ങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചു വരുന്നു. കൂടാതെ, കോളേജുകൾ കേന്ദ്രീകരിച്ചുള്ള വിദേശ വിദ്യാഭ്യാസ പരിശീലന പരിപാടികളും നടത്തി വരുന്നു.

## 5) നൈപുണ്യ ഇന്റർനാഷണൽ, പാലാ

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### ഫരീദാബാദിൽ സോളാർ പ്രോജക്ട് പ്രവർത്തനമാരംഭിച്ചു

ഫരീദാബാദ് സെന്റ് മേരീസ് കോൺവെന്റ് സ്കൂളിൽ സഹൃദയ ടെക്കിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച 30 കിലോവാട്ട് ശേഷിയുള്ള സോളാർ ഓൺഗ്രിഡ് പദ്ധതി പ്രവർത്തനമാരംഭിച്ചു. കേന്ദ്ര സർക്കാരിൽനിന്നും 40 ശതമാനം വരെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് സോളാർ പ്രോജക്ടുകൾ സഹൃദയ സ്ഥാപിച്ചുവരുന്നു. ഫോൺ: 8943710720

### പറപ്പൂക്കര അസീസി ആശുപത്രിയിൽ ബയോഗ്യാസ് പ്ലാന്റ്

തൃശൂർ പറപ്പൂക്കര അസീസി മിഷൻ ഹോസ്പിറ്റൽ, കോൺവെന്റ് എന്നിവയോടനുബന്ധിച്ച് 25 ക്യൂ.മീറ്റർ ശേഷിയുള്ള കക്കൂസ് ബന്ധിത ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചു. സഹൃദയ ടെക്കാണ് സാങ്കേതിക മേൽനോട്ടം വഹിച്ചത്.

### എക്സിബിഷൻ

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നതിനായി ഏലൂർ, പെരുമ്പാവൂർ, കൊച്ചി എന്നീ നഗരസഭകളുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച എക്സിബിഷനുകളിൽ സഹൃദയ പങ്കെടുത്തു.

### സഹൃദയ ഫെസ്റ്റ്

സഹൃദയയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് പരിചിതമാക്കുന്നതിനും മായം കലരാത്ത ഭക്ഷ്യപദാർത്ഥങ്ങളുടെ വിപണനത്തിനുമായി കളമശ്ശേരി, വാഴക്കാല, അശോകപുരം പള്ളികളിൽ സഹൃദയ ഫെസ്റ്റ് സംഘടിപ്പിച്ചു.

### ജെ.എൽ.ജി. ലോൺ ലഭ്യമാക്കൽ പദ്ധതിക്ക് തുടക്കമായി

സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ സഹൃദയ വെസ്കോ ക്രഡിറ്റ്, ഫെഡറൽ ബാങ്കുമായി സഹകരിച്ച് ജെ.എൽ.ജി. കൾക്ക് സ്വയം തൊഴിൽ ലോൺ ലഭ്യമാക്കുന്ന പദ്ധതിക്ക് പഴങ്ങനാട് സെന്റ് അഗസ്റ്റിൻ ഹാളിൽ തുടക്കമായി.

**'സജീവം' ലഹരി വിരുദ്ധ കാമ്പയിൻ ടാസ്ക് ഫോഴ്സ്**

കാരിത്താസ് ഇന്ത്യയും, കേരള സോഷ്യൽ സർവീസ് ഫോറവും, സഹൃദയയും ചേർന്ന് നടപ്പിലാക്കുന്ന 'സജീവം' ലഹരി വിരുദ്ധ കാംപെയിൻ-ന്റെ ഭാഗമായി ടാസ്ക് ഫോഴ്സ് ടീമിന് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസും, പരിശീലനവും നൽകി. രൂപതാതലത്തിൽ വിവിധ മത്സരങ്ങളും, ടാസ്ക് ഫോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. തൃപ്പൂണിത്തുറ, കടവന്ത്ര, കാലടി ഇടവകകളിലെ സഹൃദയ സ്വയം സഹായ സംഘാംഗങ്ങൾക്ക് ബോധവത്കരണ ക്ലാസ് നൽകി

**അവധിക്കാല ക്യാമ്പ്**

എറണാകുളം റെയിൽവേ ചൈൽഡ് ലൈനിന്റെയും, സഹൃദയയുടെയും നേതൃത്വത്തിൽ ഗവണ്മെന്റ് ഗേൾസ് ഹോമിലെ കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് ഒരുക്കി. വ്യക്തി ശുചിത്വവും, വ്യക്തിത്വ വികാസവും വളർത്തിയെടുക്കുന്ന ക്ലാസുകളും, ഗെയിമുകളും ക്യാമ്പിൽ നടത്തി.

**അതിഥി തൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് പോളിസി & മെഡിക്കൽ കിറ്റ്**

കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി സഹൃദയ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി കാഞ്ഞൂരിൽ സൗജന്യ കുടുംബ ഇൻഷുറൻസ് പോളിസി വിതരണവും സൗജന്യ മെഡിക്കൽ കിറ്റ് വിതരണവും സംഘടിപ്പിച്ചു. 120 അതിഥി തൊഴിലാളി കുടുംബങ്ങൾക്കാണ് സൗജന്യ മെഡിക്കൽ കിറ്റുകളും ഇൻഷുറൻസ് പോളിസിയും വിതരണം ചെയ്തത്.

**ഷീറോ ഫുഡ് -ബോധവൽക്കരണ ക്ലാസ്**

കോന്തുരുത്തി യൂത്ത് ലൈബ്രറി ഹാളിൽ സഹൃദയ ഫെഡറേഷൻ -ന്റെയും, വനിതാവേദിയുടെയും, വുമൺസ് വെൽഫെയർ സർവീസസിന്റെയും സഹകരണത്തോടെ- ആദ്യത്തെ ബ്രാൻഡഡ് ഹോം ഫുഡ് പ്ലാറ്റ് ഫോം ആയ 'ഷീറോ ഫുഡ്'-ന്റെ പ്രവർത്തനങ്ങളെകുറിച്ചുള്ള ബോധവൽക്കരണം സംഘടിപ്പിച്ചു.

**കോവിഡാനന്തര ആരോഗ്യ ബോധവൽകരണ ക്ലാസ്സ്**

സഹൃദയ, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ അതിഥി

തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി അങ്കമാലിയിലും മുരിങ്ങൂരിലും കോവിഡാനന്തര ആരോഗ്യ ബോധവൽകരണ ക്ലാസ്സും മെഡിക്കൽ ക്യാമ്പും നടത്തി. എല്ലാ അതിഥി തൊഴിലാളികൾക്കും ഓരോ ഹെൽത്ത് കിറ്റ് വിതരണം ചെയ്തു.

**ഗ്രേഡിങ്**

കിഴക്കമ്പലം ഫൊറോനയിലെ കീഴ്മാട്, അശോകപുരം, അമ്പുനാട് എന്നീ ഇടവകകളിൽ പ്രവർത്തിക്കുന്ന 7 സ്വയംസഹായ സംഘങ്ങളിൽ ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 20,50,000/- രൂപ വിതരണം ചെയ്തു. കാഞ്ഞൂർ ഫൊറോനയിലെ പാറത്തെറ്റ, പൊതിയക്കര, കാലടി, മറ്റൂർ, രാജഗിരി എന്നീ ഇടവകയിൽ പ്രവർത്തിക്കുന്ന ആറ് സ്വയം സഹായ സംഘങ്ങളുടെ ഗ്രേഡിങ് നടത്തി. വിവിധ സ്വയംതൊഴിൽ പദ്ധതികളുടെ വിപുലീകരണത്തിനായി 18,60,000/- രൂപ വിതരണം ചെയ്തു.

**നിയമബോധന ക്ലാസ്സ്**

കൊരട്ടി ഫൊറോനയിലെ കാടുകുറ്റി വില്ലേജിൽ വനിതകളുടെയും കുട്ടികളുടെയും അവകാശങ്ങൾ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നടത്തി.

**വനിതകൾക്ക് പരിശീലനം**

സഹൃദയയുടെയും കേന്ദ്ര നൈപുണ്യ വികസന  മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജനശിക്ഷൻ സൻസ്ഥാൻ എറണാകുളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സഹൃദയ ചേർത്തല റീജണൽ ഓഫീസിൽ വച്ച് വനിതകൾക്കുള്ള തയ്യൽ പരിശീലനവും ബ്യൂട്ടീഷൻ കോഴ്സ് എന്നിവ സംഘടിപ്പിച്ചു.  40 വനിതകൾക്കാണ് സ്വയംതൊഴിൽ പരിശീലനം നൽകുന്നത്.

**സഹൃദയ കുടുംബദിനം**

സഹൃദയ സ്റ്റാഫംഗങ്ങളുടെ സംഗമം പൊന്നുരുന്നിയിൽ നടത്തി. കുടുംബ ശാക്തീകരണ ക്ലാസ്സ്, കുട്ടികൾക്കുള്ള പഠനോപകരണ വിതരണം എന്നിവ സംഗമത്തിന്റെ ഭാഗമായിരുന്നു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# ഡിപ്പാർട്ട്മെന്റ് ഓഫ് ബൈബിൾ അപ്പോസ്റ്റലേറ്റ്

## ലോഗോസ് ക്വിസ് -2023

അതിരൂപതാതല പരീക്ഷ 2023 സെപ്റ്റംബർ 24-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ ആയിരിക്കും. 2023 ജൂൺ 1 മുതൽ 2023 ജൂലൈ 31 വരെയാണ് ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്യേണ്ട സമയം. കഴിഞ്ഞവർഷത്തെ പോലെ ഈ വർഷവും ഓൺലൈൻ രജിസ്ട്രേഷൻ ആയിരിക്കും. ജൂലൈ 31-ന് ശേഷമുള്ള ഒരു രജിസ്ട്രേഷനും സ്വീകരിക്കുന്നതല്ല. 25 മത്സരാർത്ഥികൾ ഉള്ള ഒരു ഇടവകയോ ഒരു കത്തോലിക്ക സ്ഥാപനത്തെയും ഒരു പരീക്ഷ സെന്റർ ആയി അംഗീകരിക്കുന്നതാണ്. അതിനാൽ രജിസ്ട്രേഷൻ സമയപരിധി കൃത്യമായി പാലിക്കണമെന്ന് ഓർമിപ്പിക്കുന്നു.

ഓൺലൈൻ രജിസ്ട്രേഷൻ സുഗമമായ നടത്തിപ്പിനായി എല്ലാ ഇടവകകളിൽ നിന്നും ഒരു കോ- ഓർഡിനേറ്ററെ തെരഞ്ഞെടുക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നത് അഭികാമ്യം ആയിരിക്കും. www.ekmbibleapostolate.com എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്തു രജിസ്ട്രേഷൻ നടത്താവുന്നതാണ്. ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സഹകരണം ഇതിനായി പ്രതീക്ഷിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 10/- രൂപ. ലോഗോസ് ലഘു പഠനത്തിന്റെ പ്രിന്റ് രൂപം ഉണ്ടായിരിക്കുന്നതല്ല. വിഷയത്തിന്റെ പശ്ചാത്തല പഠനത്തിൽ താല്പര്യമുള്ളവർക്ക് ലഘു പഠനത്തിനായി 2023 ജൂൺ 10-ന് ശേഷം www.keralabibleosciety.com എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A, B, C, D, E, F എന്നീ 6 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിൽ ആയിരിക്കും.

A വിഭാഗം: 1-1-2012 അതിനുശേഷം ജനിച്ചവർ
B വിഭാഗം: 1-1-2007 നും 31-12-2011 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1992 നും 31-12-2006 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1-1972 നും 31-12-1991 നും ഇടയ്ക്ക് ജനിച്ചവർ
E വിഭാഗം: 1-1-1959 നും 31-12-1971 നും ഇടയ്ക്ക് ജനിച്ചവർ
F വിഭാഗം: 31-12-1958 നും മുൻപ് ജനിച്ചവർ

പഠന വിഷയം: **ജോഷ്വാ 13-24; പ്രഭാഷകൻ 27-33; ലൂക്കാ 1-8; 2 കൊറിന്തോസ് 1-6.**

പഠനത്തിനായി ഉപയോഗിക്കേണ്ടത് പി. ഒ. സി. ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLC യുടെ തിരുവി വിവിലയവും ആണ്.

**ലോഗോസ് ഫാമിലിയ ക്വിസ്സ്**

സംസ്ഥാനതലത്തിലും രൂപതാതലത്തിലും കഴിഞ്ഞ വർഷത്തേതു പോലെ ഈ വർഷവും ഫാമിലിയ ക്വിസ്സ് ഉണ്ടായിരിക്കുന്നതാണ്. ഇതിന്റെ പ്രത്യേക നിബന്ധനകൾ ചുവടെ ചേർക്കുന്നു.

**രൂപതാതലം**

* ഒരു ടീമിൽ പങ്കെടുക്കുന്നവർ കുറഞ്ഞത് രണ്ടു തലമുറകളിൽ നിന്നുള്ളവർ ആയിരിക്കണം
* ഫമീലിയ പരീക്ഷയ്ക്ക് പൊതുപരീക്ഷയുടെ ചോദ്യപേപ്പർ ആയിരിക്കും. ഫാമിലി ടീമിലെ ഓരോരുത്തർക്കും കിട്ടുന്ന മാർക്കിന്റെ ആവറേജ് ആണ് ഫാമിലിയുടെ മാർക്ക് ആയി പരിഗണിക്കുക.
* സംസ്ഥാനതലത്തിലെ പരീക്ഷയ്ക്ക് അതിരൂപതയിൽ നിന്ന് ഒരു ടീമിനെ മാത്രമേ അയക്കാൻ അനുമതിയുള്ളൂ.

**ബധിര ഭിന്നശേഷിക്കാർക്കുള്ള ലോഗോസ്**

1) ഈ വർഷവും ബധിര- ഭിന്നശേഷിക്കാർക്കുള്ള ലോഗോസ് പരീക്ഷ സംഘടിപ്പിക്കുന്നു. അതിരൂപതയിൽ ഉന്നതമാർക്ക് നേടുന്നവർക്കായി നവംബർ 18-ന് പി.ഒ.സി-യിൽ ഫൈനൽ മത്സരം നടത്തുന്നു.

2) അതിരൂപതയിൽ നിന്ന് ഉന്നത മാർക്ക് നേടുന്നവരെ തിരഞ്ഞെടുക്കുന്നതിനായി പൊതു പരീക്ഷയുടെ ചോദ്യപേപ്പറോ ഓരോ രൂപതയും അവർക്ക് വേണ്ടി പ്രത്യേകമായി നടത്തുന്ന പരീക്ഷയോ / മത്സരമോ സംഘടിപ്പിക്കാവുന്നതാണ്.

3) സംസ്ഥാനതലത്തിൽ മത്സരിക്കുന്ന ബധിര- ഭിന്നശേഷിക്കാർക്ക് വേണ്ടി ഒരു മാതൃക ചോദ്യാവലി അവസാനത്തിൽ നൽകുന്നതാണ്. മറ്റ് അറിയിപ്പുകൾ പിന്നീട് നൽകുന്നതാണ്.

## അതിരൂപതാതല ബൈബിൾ കലോത്സവം

അതിരൂപതാതല ബൈബിൾ കലോത്സവം നവംബർ 11, 12 (ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നു. അതിനുമുൻപായി ഫൊറോനതല മത്സരങ്ങൾ പൂർത്തീകരിച്ച് ഒക്ടോബർ 20-ന് മുൻപ് ഫൈനൽ ലിസ്റ്റ് അതിരൂപത ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## അഖില കേരള ബൈബിൾ കലോത്സവം

തേവര (കൊച്ചി) സേക്രഡ് ഹാർട്ട് കോളേജിൽ 2023-ഡിസംബർ 29, 30 തീയതികളിൽ നടക്കുന്നതാണ്.

ഫാ. ജോസഫ് താമരവെളി
ഡയറക്ടർ

# അതിരൂപതാ ഡയറി

## ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത്

**മെയ് 2023**

02 എറണാകുളം-അങ്കമാലി അതിരൂപതാ വൈദികവിദ്യാർത്ഥികൾക്ക് വൈദികവസ്ത്രവും കാറോയ, ഹെവ്പദിയാക്ന, മ്ശംശാന എന്നീ പട്ടങ്ങളും മംഗലപ്പുഴ സെമിനാരിയിൽ വച്ച് നൽകി.

പെർമനന്റ് സിനഡ് പിതാക്കന്മാരോടൊപ്പം റോമിലേക്കു പോയി.

09 ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

15 മൂക്കന്നൂർ സി.എസ്.റ്റി. സന്ന്യാസസഭാംഗമായ ബ്രദർ തോമസ് പുതുപ്പറമ്പിൽ-ന്റെ മൃതസംസ്കാരകർമ്മങ്ങളുടെ സമാപനത്തിൽ കാർമികത്വം വഹിച്ചു.

23 ആലുവ എഫ്.സി.സി. ജനറലേറ്റിൽ നടന്ന എറണാകുളം-അങ്കമാലി അതിരൂപതയിലെ മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

27 കൊരട്ടി ആരാധനാമഠത്തിൽ സി. മരിയറ്റ എസ്.എ.ബി.എസ്.-ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി.

എറണാകുളം ലിസി ആശുപത്രിയിലെ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് 20 വർഷം പൂർത്തീകരിച്ചതിന്റെ ആഘോഷവുമായി ബന്ധപ്പെട്ട് ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു.

* * * *


വിശുദ്ധ മറിയം
ത്രേസ്യ

RNI No. 3421/57
Date of Publication: 01-06-2023
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.

www.ernakulamarchdiocese.org